16
2021
സെപ്റ്റംബർ
വ്യാഴം
1197
ചിങ്ങം 31


NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 151 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-151 പേജ് 4. വില 2.00 രൂപ




02 കുറ്റമറ്റ ഓൺലൈൻ പരീക്ഷാ സംവിധാനം ഒരുക്കണം: ഗവർണർ

03 ഉപതിരഞ്ഞെടുപ്പ് വോട്ടർ പട്ടികയിൽ 20 വരെ പേര് ചേർക്കാം

04 സംസ്ഥാനത്ത് 17,681 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു

# സംസ്ഥാനത്ത് ആദ്യഡോസ് വാക്സിൻ ലഭിച്ചവർ 80 ശതമാനം കടന്നു



തിരുവനന്തപുരം: സംസ്ഥാനത്ത് വാക്സിൻ എടുക്കേണ്ട ജനസംഖ്യയുടെ 80.17 ശതമാനം പേർക്ക് ഒരു ഡോസ് വാക്സിൻ നൽകി. 2,30,09,295 പേർക്കാണ് ആദ്യ ഡോസ് നൽകിക്കഴിഞ്ഞത്.

32.17 ശതമാനം പേർക്ക് രണ്ട് ഡോസ് വാക്സിനും നൽകി. 92,31,936 പേർക്കാണ് രണ്ടു ഡോസും നൽകിയത്. ഒന്നും രണ്ടും ഡോസ് ഉൾപ്പെടെ ആകെ 3,22,41,231 ഡോസ് വാക്സിൻ നൽകി.

18 വയസിനു മുകളിലുള്ള ബാക്കിയുള്ളവർക്കു കൂടി ഈ മാസത്തിൽ തന്നെ വാക്സിൻ നൽകുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. രണ്ടു മൂന്നു മാസങ്ങൾക്കകം രണ്ടാം ഡോസ് വാക്സിനേഷനും പൂർത്തിയാക്കാൻ കഴിയുമെന്നാണു കരുതുന്നതെന്നു മുഖ്യമന്ത്രി പറഞ്ഞു.

രോഗം ബാധിച്ച ശേഷം ആശുപത്രികളിൽ വൈകി ചികിത്സ തേടിയെത്തുന്നവരുടെ എണ്ണത്തിൽ നേരിയ വർധന ഉണ്ടാകുന്നുണ്ട്. ചികിത്സയ്ക്ക് താമസിച്ച് എത്തുന്നവരുടെ എണ്ണം 30 ശതമാനമായി വർധിച്ചു. ഓഗസ്റ്റിൽ അത് 22 ശതമാനമായിരുന്നു. കോവിഡ് കാരണം മരണമടയുന്നവരിൽ കൂടുതലും പ്രായാധിക്യമുള്ളവരും അനുബന്ധ രോഗങ്ങൾ ഉള്ളവരുമാണ്. തക്ക സമയത്ത് ചികിത്സ നേടിയാൽ വലിയൊരളവ് മരണങ്ങൾ കുറച്ചു നിർത്താൻ സാധിക്കും.

## സർക്കാർ എയ്ഡഡ് സ്കൂളുകളിൽ വിദ്യാർഥികൾ കൂടി; ഒന്നിലെത്തിയത് മൂന്നുലക്ഷം കുട്ടികൾ

തിരുവനന്തപുരം: സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 202122 അധ്യയനവർഷത്തിൽ 3,05,414 കുട്ടികൾ ഒന്നാം ക്ലാസിൽ ചേർന്നതായി പൊതുവിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടി. ഇതിൽ സർക്കാർ മേഖലയിലെ 1,20,706 കുട്ടികളും എയ്ഡഡ് മേഖലയിലെ 1,84,708 കുട്ടികളുമാണ് ഉൾപ്പെടുന്നത്. 2020 21ൽ സർക്കാർ മേഖലയിൽ 1,05472 കുട്ടികളും എയ്ഡഡ് മേഖലയിൽ 1,71,460 കുട്ടികളുമടക്കം 2,76,932 കുട്ടികളാണ് ഒന്നാം ക്ലാസിൽ ചേർന്നത്. മുൻവർഷത്തെ അപേക്ഷിച്ച് സർക്കാർ എയ്ഡഡ് മേഖലയിൽ 28,482 കുട്ടികളാണ് ഒന്നാംക്ലാസിൽ ഇത്തവണ അധികമായി എത്തിയത്. അൺ എയ്ഡഡ് മേഖലയിൽ കഴിഞ്ഞ വർഷത്തേക്കാൾ 6,615 കുട്ടികളുടെ കുറവ് രേഖപ്പെടുത്തി. മുൻവർഷം 44,849 കുട്ടികൾ അൺഎയ്ഡഡ് വിദ്യാലയങ്ങളിൽ ഒന്നാം ക്ലാസ്സിൽ ചേർന്നപ്പോൾ ഈ വർഷം 38,234 കുട്ടികളായി ചുരുങ്ങി.

## കോൺഗ്രസ് തകർന്നുകൊണ്ടിരിക്കുന്ന കൂടാരം: മുഖ്യമന്ത്രി



തിരുവനന്തപുരം: കോൺഗ്രസ് തകർന്നുകൊണ്ടിരിക്കുന്ന കൂടാരമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കോൺഗ്രസ് വിടുന്നവർ ബിജെപിയിലേക്ക് പോകാതെ പാർട്ടിയിലേക്ക് വരുന്നത് ആരോഗ്യകരമായ പ്രവണതയാണ്. ഇത് ഇനിയും ശക്തിപ്പെടുമെന്നാണ് കരുതേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

കോൺഗ്രസ് തകർന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അതിനൊപ്പം നിൽക്കേണ്ടെന്ന് തീരുമാനിച്ചവർ പുറത്തേയ്ക്കുവരും. കോൺഗ്രസുകാർ ബിജെപിയെ ഒഴിവാക്കി സിപിഎമ്മിൽ ചേരുന്നത് ഗുണപരമായ മാറ്റമാണ്. ഇത് ഇനിയും ശക്തിപ്പെടുമെന്നാണ് കരുതേണ്ടത്. നാളെ എന്ത് സംഭവിക്കുമെന്ന് പറയാനാകില്ലെന്നും പിണറായി കൂട്ടിച്ചേർത്തു. തങ്ങളുടെ വിഭാഗത്തിന് ആവശ്യമായ മുന്നറിയിപ്പു നൽകുക മാത്രമാണു പാലാ ബിഷപ് ചെയ്തതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ബിഷപ്പിനെതിരെ കേസെടുക്കാൻ ആലോചിക്കുന്നില്ലെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

ബിഷപ്പിനെതിരെ കേസെടുക്കാൻ സർക്കാർ ആലോചിക്കുന്നില്ല. എന്നാൽ സമൂഹമാധ്യമങ്ങളിലൂടെ വിദ്വേഷ പ്രചാരണം നടത്തുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കും.

സമുദായത്തോടു പറയേണ്ട കാര്യങ്ങൾ സമുദായ നേതാക്കൾ പറയും. അതിൽ തെറ്റൊന്നുമില്ല. അങ്ങനെ പറയുന്പോൾ ഏതെങ്കിലും മതചിഹ്നം ഉൾപ്പെടുത്തുന്നതാണു പ്രശ്നം. അതു മറുവശത്തുള്ളവർക്കു വേദനയുണ്ടാക്കും.

ഈ വിഷയത്തിൽ സർവകക്ഷി യോഗം വേണമെന്നത് നല്ല നിർദേശമാണ്. എന്നാൽ വിദ്വേഷ പ്രചാരണം നടത്തുന്നതു തടയാൻ പോലീസുണ്ട്. അവർ അതു നന്നായി ചെയ്യും. നർക്കോട്ടിക്കിനെതിരായ പോരാട്ടത്തിൽ സമൂഹത്തിൽ നല്ല രീതിയിലുള്ള യോജിപ്പ് ഉയർത്തിക്കൊണ്ടു വരിക എന്നതു പ്രധാനമാണ്.

കൂടുതൽ പ്രകോപനപരമായി പോകാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. ഇത്തരം കാര്യങ്ങളെ തെറ്റായ രീതിയിൽ ഉപയോഗിക്കാൻ ശ്രമിക്കുന്ന ശക്തികളുണ്ട്. യഥാർഥത്തിൽ അത്തരം ശക്തികൾ കേരളത്തിൽ ദുർബലരായിക്കൊണ്ടിരിക്കുകയാണ്. ഇതുപോലുള്ള വിഷയങ്ങൾ വരുന്പോൾ ഏതെങ്കിലും വശത്തു ചാരി എന്തെങ്കിലും സഹായം കിട്ടുമോ എന്ന് അവർ നോക്കുമെന്ന കാര്യം എല്ലാവരും മനസിലാക്കണം. നർക്കോട്ടിക് ജിഹാദ് സംബന്ധിച്ച് ആഭ്യന്തര വകുപ്പിന് എന്തെങ്കിലും വിവരങ്ങൾ കിട്ടിയിട്ടുണ്ടോ എന്ന ചോദ്യത്തിന് ആ വാക്കു തന്നെ ആദ്യം കേൾക്കുകയാണെന്നു മുഖ്യമന്ത്രി പറഞ്ഞു.



## ഹരിത സൗഹൃദ ജീവിതശൈലി ശീലിമാക്കുക: ബിഷപ്പ് ക്രിസ്തുദാസ്

സുരക്ഷിത ഭാവിക്കായി പ്രകൃതിയെ പരിപോഷിപ്പിക്കുകയും ഹരിത സൗഹൃദ ജീവിതരീതി ശീലിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണമെന്ന് ബിഷപ്പ് ക്രിസ്തുദാസ് അഭിപ്രായപ്പെട്ടു. പ്രകൃതി ചൂഷണത്തിന്റെ അനന്തര ഫലങ്ങൾ ഏറ്റവും അധികം ബാധിച്ചിരിക്കുന്നത് കർഷകരെയും തീരദേശ മേഖലയിൽ തമാസിക്കുന്നവരയുമാണെന്നും പ്രഖ്യാപിതരിക്കപ്പെട്ട സമൂഹം പ്രകൃതി ചൂഷണമൂലം നാം സൃഷ്ടിടിക്കപ്പെടുകയുമാണെന്നും അഭിവന്ദ്യ പിതാവ് കൂട്ടിച്ചേർത്തു.

കേരള കത്തോലിക്കാ സഭയുടെ സാമൂഹ്യവിഭാഗമായ കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം മേഖലയിലെ സാമൂഹ്യ പ്രവർത്തകർക്കുവേണ്ടിയുള്ള ദ്വിദിന ശിൽപശാല ട്രിവാൻഡ്രം സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ വെച്ച് ഉദ്ഘാടനം ചെയ്ത സംസാരിക്കുകയായിരുന്നു അദ്ദേഹം. ഫ്രാൻസിസ് മാർപാപ്പയുടെ ലൗദാത്തോ സി എന്ന ചാക്രിക ലേഖനം പ്രകൃതി പരിപോഷണത്തെ അടിസ്ഥാനപ്പെടുത്തി ഹരിത ചട്ടം നടപ്പിലാക്കുന്നതിനായുള്ള ശില്പശാല തിരുവനന്തപുരം സോഷ്യൽ സർവീസ് സൊസൈറ്റിയിൽ വച്ചു സംഘടിപ്പിച്ചു. കേരള സോഷ്യൽ സർവിസ് സൊസൈറ്റി ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ തിരുവനന്തപുരം അതിരൂപതയുടെ സാമൂഹ്യക്ഷേമ വിഭാഗമായി തിരുവനന്തപുരം സോഷ്യൽ സർവിസ് സൊസൈറ്റിയുടെ എക്സിക്യൂട്ടിവ് ഡയറക്ടർ ഫാ. സബ്ബാസ് ഇഗ്നേഷ്യസ് സ്വാഗതം ആശംസിക്കുകയും പാറശാല രൂപതയുടെ സാമൂഹ്യ വിഭാഗമായ ക്ഷേമയുടെ ഡയറക്ടറും മുൻ കേരള സോഷ്യൽ സർവിസ് ഫോറം ഡയറക്ടറുമായ ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ മുഖ്യപ്രഭാഷണവും നൽകി. ഹരിതചട്ടത്തെ അടിസ്ഥമാക്കി വിവിധ വിഷയങ്ങളെക്കുറിച്ച് കാരിത്താസ് ഇന്ത്യ മാനേജർ ഡോ. വി ആർ ഹരിദാസ് ക്ലാസ്സുകൾ നയിച്ചു.

## സോളാർ പീഢനക്കേസ്: കെ.സി.വേണുഗോപാലിനെതിരെ തെളിവുകൾ കൈമാറി പരാതിക്കാരി

തിരുവനന്തപുരം: സോളാർ ലൈംഗിക പീഢനക്കേസിൽ കോൺഗ്രസ് നേതാവായ കെ.സി. വേണുഗോപാലിനെതിരായ ഡിജിറ്റൽ തെളിവുകൾ കൈമാറി പരാതിക്കാരി. 2012 മേയിൽ മന്ത്രി മന്ദിരമായ റോസ് ഹൗസിലെ ദൃശ്യങ്ങളാണ് പരാതിക്കാരി സിബിഐയ്ക്ക് കൈമാറിയത്.

കഴിഞ്ഞ മൂന്ന് ദിവസമായി നടക്കുന്ന മൊഴിയെടുപ്പ് പൂർത്തിയായതിന് പിന്നാലെയാണ് പരാതിക്കാരി സിബിഐയ്ക്ക് ഡിജിറ്റൽ തെളിവുകൾ നൽകിയിരിക്കുന്നത്. തൃശൂരിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടിയതിൻറെ രേഖകളും കൈമാറിയിട്ടുണ്ട്.

കെ.സി. വേണുഗോപാലിന് പുറമെ എ.പി. അബ്ദുല്ലക്കുട്ടിക്ക് മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, എം.പിമാരായ അടൂർ പ്രകാശ്, ഹൈബി ഈഡൻ, എ.പി. അനിൽകുമാർ എംഎൽഎ എന്നിവരെ പ്രതി ചേർത്താണ് കേസ്. സംസ്ഥാന സർക്കാറിൻറെ ആവശ്യ പ്രകാരമാണ് സിബിഐ കേസിൻറെ അന്വേഷണം ഏറ്റെടുത്തത്.

തൻറെ പക്കൽ ഡിജിറ്റൽ തെളിവുകളുണ്ടെന്ന് പരാതിക്കാരി നേരത്തെ തന്നെ വ്യക്തമാക്കിയിരുന്നു. എന്നാൽ ക്രൈംബ്രാഞ്ചിൻറെ അന്വേഷണത്തിൽ വിശ്വാസമില്ലെന്ന് പറഞ്ഞുകൊണ്ട് തെളിവുകൾ കൈമാറാൻ തയാറായിരുന്നില്ല.

## അജ്ഞാത പനി; ഹരിയാനയിൽ എട്ട് കുട്ടികൾ മരിച്ചു

ചണ്ഡിഗഡ്: ഹരിയാനയിലെ പൽവാൽ ജില്ലയിലെ ഗ്രാമത്തിൽ അജ്ഞാത പനി ബാധിച്ച് എട്ട് കുട്ടികൾ മരിച്ചു. 10 ദിവസത്തിനിടെയാണ് കുട്ടികളുടെ മരണങ്ങൾ സംഭവിച്ചിരിക്കുന്നത്. സമാന രോഗലക്ഷണങ്ങളുമായി 44 പേർ പരിസരത്തെ ആശുപത്രികളിൽ ചികിത്സയിലുണ്ട്. ഇതിൽ 35 പേർ പ്രായപൂർത്തിയാകാത്തവരാണ്.

ആരോഗ്യവകുപ്പ് അധികൃതർക്ക് മരണകാരണം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. മരിച്ചവരിലെല്ലാം പ്ലേറ്റ്ലെറ്റ് കൗണ്ട് കുറഞ്ഞിരുന്നതായി പരിശോധനകളിൽ വ്യക്തമായിരുന്നു. അതിനാൽ ഡെങ്കിപ്പനി സാധ്യത ആരോഗ്യവകുപ്പ് തള്ളിക്കളയുന്നില്ല. പനി ബാധിച്ച് മരിച്ചവർക്കാർക്കും കോവിഡ് ബാധയുണ്ടായിരുന്നില്ല.

മരണമുണ്ടായ പ്രദേശങ്ങളിലെ വീടുകളിൽ ആരോഗ്യവകുപ്പ് അധികൃതർ എത്തി. പരിസരശുചിത്വവും വ്യക്തിശുചിത്വവും ഉറപ്പാക്കണമെന്ന് ജനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## മതസൗഹാർദം തകർക്കരുത്; സമാധാനത്തിൽ പോകാമെന്ന് സിഎസ്ഐ ബിഷപ്പും ഇമാമും

കോട്ടയം: മതസൗഹാർദത്തിൽ ഉലച്ചിൽ ഉണ്ടാക്കരുതെന്ന് കോട്ടയം താഴത്തങ്ങാടി ഇമാമിൻറെയും സിഎസ്ഐ ബിഷപ്പിൻറെയും സംയുക്ത പ്രസ്താവന. കലക്കവെള്ളത്തിൽ മീൻ പിടിക്കാൻ പലരുമുണ്ടാകും. ലൗ ജിഹാദോ, നർക്കോട്ടിക് ജിഹാദോ ഉണ്ടോയെന്ന് കണ്ടെത്തേണ്ടത് സർക്കാരാണെന്നും ഇരുവരും നടത്തിയ സംയുക്ത വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

സിഎസ്ഐ മധ്യകേരള മഹായിടവക ബിഷപ്പ് ഹൗസിലാണ് ബിഷപ്പ് മലയിൽ സാബു കോശി ചെറിയാനും താഴത്തങ്ങാടി ജുമാ മസ്ജിദ് ഇമാം ശംസുദ്ദീൻ മന്നാനി ഇലവുപാലവും സംയുക്ത വാർത്താ സമ്മേളനത്തിൽ നടത്തിയത്. എല്ലാ തെറ്റായ പ്രവണതകളേയും എതിർക്കപ്പെടണമെന്ന് ഇരുവരും പറഞ്ഞു.

പാലാ രൂപതാ ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ടിൻറെ പ്രസംഗത്തോട് പ്രതികരിക്കാനില്ലെന്നും സിഎസ്ഐ ബിഷപ്പ് വാർത്താ സമ്മേളനത്തിൽ വ്യക്തമാക്കി. അദ്ദേഹത്തിൻറെ വ്യക്തപരമായ അഭിപ്രായമാണ്. എല്ലാവർക്കും അഭിപ്രായം പറയാൻ സ്വാതന്ത്ര്യമുണ്ടെന്നും ബിഷപ്പ് പറഞ്ഞു.

സിഎസ്ഐ സഭയുടെ നിലപാട് സമാധാനം ആണെന്നും ബിഷപ്പ് വ്യക്തമാക്കി. അഭിപ്രായ പ്രകടനത്തിന് ബിഷപ്പിന് സ്വാതന്ത്ര്യമുണ്ടെന്നാണ് വാർത്താസമ്മേളനത്തിൽ സിഎസ്ഐ സഭ സ്വീകരിച്ച നിലപാട്. സമാധാനം നിലനിൽക്കണമെന്നും കൂടുതൽ ഐക്യതയിൽ പോകാമെന്നും അദ്ദേഹം പറഞ്ഞു. പ്രസ്താവനയുടെ പേരിൽ റാലിയും ജാഥയും നടത്തരുത്. വിഷയത്തിൽ ചർച്ച നടത്തുന്നത് നന്നായിരിക്കുമെന്നും ഇരു മത നേതാക്കളും ആവശ്യപ്പെട്ടു.

## മദ്യം ഓൺലൈൻ ബുക്കിംഗ്; എല്ലാ ജില്ലകളിലും വ്യാപിപ്പിച്ച് ബെവ്കോ

തിരുവനന്തപുരം: മദ്യം ഓൺലൈനായി ബുക്ക് ചെയ്യാനുള്ള സൗകര്യം സംസ്ഥാനം ഒട്ടാകെ നടപ്പാക്കി ബിവറേജസ് കോർപ്പറേഷൻ. ഷോപ്പുകളുടെ ആധുനികവത്കരണത്തിൻറെ ഭാഗമായും തിരക്ക് ഒഴിവാക്കുവാനുമാണ് പദ്ധതി ആവിഷ്കരിച്ചത്. ഉപഭോക്താക്കൾക്ക് വീട്ടിലോ സൗകര്യപ്രദമായ മറ്റെവിടെയെങ്കിലുമോ ഇരുന്നു ആവശ്യമുള്ള ബ്രാൻഡ് മദ്യം തെരഞ്ഞെടുത്തു മുൻകൂർ പണമടച്ചു ബുക്ക് ചെയ്യാനാവും. രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിൽ ലഭിക്കുന്ന കോഡുമായി ഔട്ട്ലെറ്റിൽ എത്തിയാൽ ക്യൂവിൽ നിൽക്കാതെ ഇതിനായി പ്രത്യേകം പ്രവർത്തിക്കുന്ന കൗണ്ടറിൽ നിന്നും മദ്യം ലഭിക്കും.

ഓഗസ്റ്റ് 17 ന് ആരംഭിച്ച സംവിധാനത്തിലൂടെ ഇതു വരെ 27 ലക്ഷം രൂപയുടെ മദ്യവിൽപന നടന്നു.

# മീറ്റ് ദി ഇൻവെസ്റ്റർ' പരിപാടിക്ക് തുടക്കം

# 760 കോടി രൂപയുടെ നിക്ഷേപ പദ്ധതികളുമായി സംരംഭകർ

വ്യവസായ സംരംഭകരുമായി വ്യവസായമന്ത്രി പി രാജീവ് നടത്തുന്ന 'മീറ്റ് ദി ഇൻവെസ്റ്റർ' ആശയവിനിമയ പരിപാടിക്ക് തുടക്കമായി.

മൂന്ന് വ്യവസായ സംരംഭകരുമായി നടത്തിയ ആദ്യ ചർച്ചയിൽ തന്നെ 760 കോടി രൂപയുടെ നിക്ഷേപ പദ്ധതികൾക്കു ധാരണയായി. സിന്തൈറ്റ്, ധാത്രി, നിറ്റ ജെലാറ്റിൻ വ്യവസായ ഗ്രൂപ്പുകളാണ് നിക്ഷേപം വാഗ്ദാനം ചെയ്തത്. എറണാകുളം ജില്ലയിലെ പാങ്ങോട് 215 കോടി രൂപയുടെ അഗ്രോ പ്രോസസ്സിംഗ് ക്ലസ്റ്റർ പദ്ധതി അടുത്ത വർഷം ജൂണിൽ പൂർത്തിയാക്കുമെന്ന് സിന്തൈറ്റ് ഗ്രൂപ്പ് അറിയിച്ചു. നിറ്റ ജലാറ്റിൻ ഗ്രൂപ്പ് 200 കോടി രൂപയുടെ നിക്ഷേപ പദ്ധതി പ്രഖ്യാപിച്ചു. 45 കോടി രൂപ ഇമ്മ്യൂ ഫുഡ് പദ്ധതിക്കായി ആദ്യ ഘട്ടത്തിലും ആയുർവേദ പ്രതിരോധ മരുന്നു നിർമ്മാണത്തിനായി 300 കോടി രൂപ രണ്ടാം ഘട്ടത്തിലും നിക്ഷേപിക്കുമെന്നു ധാത്രി ആയുർവേദ ഗ്രൂപ്പും വ്യക്തമാക്കി.

സിന്തൈറ്റ് ഗ്രൂപ്പിന്റെ അഗ്രോ പ്രോസസ്സിംഗ് ക്ലസ്റ്റർ എറണാകുളം കടയിരുപ്പ് പാങ്ങോടുള്ള 32 ഏക്കർ ഭൂമിയിലാണ് നിലവിൽ വരിക. പദ്ധതിപ്രദേശം സ്വകാര്യ വ്യവസായ പാർക്ക് ആയി പ്രഖ്യാപിക്കുന്നതിനുള്ള അപേക്ഷ സർക്കാർ പരിഗണിക്കും. പാർക്കിലേക്കുള്ള റോഡ് സൗകര്യം മെച്ചപ്പെടുത്തും. ധാത്രി ആയുർവേദ ഗ്രൂപ്പിന്റെ ആദ്യഘട്ട വികസന പദ്ധതിക്കായി 45 കോടി രൂപയാണ് ചിലവഴിക്കുക. കെ എസ് ഐ ഡി സി പദ്ധതിയിൽ സഹകരിക്കും. കിൻഫ്രയുടെ പള്ളിപ്പുറം വ്യവസായ പാർക്കിൽ സ്ഥലം അനുവദിക്കുന്നതിനും തീരുമാനിച്ചു. നിറ്റാ ജെലാറ്റിൻ 200 കോടി രൂപയുടെ നിക്ഷേപം നടത്തും. കാക്കനാടും കൊരട്ടിയിലുമുള്ള നിലവിലുള്ള പ്ളാന്റുകളുടെ ഉൽപ്പാദനശേഷി വർധിപ്പിക്കുന്നതിനാണിത്. കിൻഫ്ര നേരത്തെ അനുവദിച്ച സ്ഥലം പൂർണമായി ഉപയോഗിക്കുന്നതിനു സാഹചര്യമൊരുക്കും. ഓരോ പദ്ധതിക്കും സർക്കാർ തലത്തിലുള്ള ഏകോപനത്തിന് കെ.എസ്.ഐ.ഡി.സി നോഡൽ ഓഫീസർമാരെ നിയോഗിക്കും.

മീറ്റ് ദി ഇൻവെസ്റ്റർ പരിപാടിയിൽ 100 കോടി രൂപയ്ക്കു മുകളിൽ നിക്ഷേപമുള്ള വ്യവസായ ഗ്രൂപ്പുകളുമായാണ് വ്യവസായ മന്ത്രി ആശയ വിനിമായം നടത്തുക. ഓരോ മാസവും ഇതിനായി വേദിയൊരുക്കും. നിലവിലുള്ള വ്യവസായ സൗഹൃദ അന്തരീക്ഷം കൂടുതൽ ശക്തിപ്പെടുത്തുന്നതിനൊപ്പം പുതിയ നിക്ഷേപം ആകർഷിക്കാനും പരിപാടിയിലൂടെ ലക്ഷ്യമിടുന്നു. വെവ്വേറെ നടത്തിയ കൂടിക്കാഴ്ചകളിൽ വ്യവസായ മന്ത്രി പി രാജീവിനൊപ്പം പ്രിൻസിപ്പൽ സെക്രട്ടറി ഡോ. കെ ഇളങ്കോവൻ, ഡയറക്ടർ എസ് ഹരികിഷോർ, കെ എസ് ഐ ഡി സി എം ഡി എം ജി രാജമാണിക്യം, കിൻഫ്ര എം ഡി സന്തോഷ് കോശി തോമസ്, ധാത്രി സി.ഇ.ഒ എസ് സജികുമാർ, സിന്തൈറ്റ് ഗ്രൂപ്പ് എം ഡി വിജു ജേക്കബ്, നിറ്റാ ജെലാറ്റിൻ ഇന്ത്യ എം.ഡി സജീവ് മേനോൻ എന്നിവർ പങ്കെടുത്തു.




കാരവൻ ടൂറിസം പോളിസി മന്ത്രി മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യുന്നു

# സംസ്ഥാനത്തെ വിദ്യാലയങ്ങൾ ഉടൻ തുറക്കും: മന്ത്രി വി ശിവൻകുട്ടി

ആലപ്പുഴ: സംസ്ഥാനത്തെ വിദ്യാലയങ്ങൾ എത്രയും വേഗം തുറക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. പൊതുവിദ്യാഭ്യാസ വകുപ്പ് സർവ ശിക്ഷ കേരളയുടെ സഹകരണത്തോടെ നടപ്പാക്കുന്ന ശലഭോദ്യാനം പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കായംകുളം ഗവൺമെന്റ് ടൗൺ യുപി സ്കൂളിൽ നിർവഹിക്കുകയായിരുന്നു മന്ത്രി. ആരോഗ്യം, തദ്ദേശഭരണം എന്നീ വകുപ്പുകളുമായി ചർച്ച ചെയ്ത് കോവിഡ് സാഹചര്യം വിലയിരുത്തി വിദ്യാലയങ്ങൾ ഉടൻ തുറക്കാനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. പൊതുവിദ്യാഭ്യാസ രംഗത്ത് രാജ്യത്തിന് തന്നെ മാതൃകയാവുകയാണ് കേരളം. മറ്റ് സംസ്ഥാനങ്ങളിൽ കോവിഡ് സാഹചര്യത്തിൽ അധ്യാപകരും വിദ്യാർത്ഥികളുമായുള്ള ബന്ധം വിച്ഛേദിക്കപ്പെട്ടപ്പോൾ പരിമിതികൾക്കിടയിലും സംസ്ഥാനത്ത് ഈ 16 മാസവും ഓൺലൈനായി ക്ലാസുകൾ നടത്താനും എസ് എസ്എൽസി, ഹയർ സെക്കൻഡറി പരീക്ഷകൾ നടത്താനും കഴിഞ്ഞു. പൊതു വിദ്യാഭ്യാസ രംഗത്ത് സർവ്വ ശിക്ഷ കേരള മികച്ച ഇടപെടലുകളാണ് നടത്തുന്നത്.

പരിസ്ഥിതി പാഠപുസ്തകം ആക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന പദ്ധതിയുടെ ഭാഗമായി സ്കൂളിൽ പിടിഎ, മാതൃസംഗമം, സർവ ശിക്ഷ കേരള, പൊതുവിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ സഹകരണത്തോടെയാണ് ശലഭോദ്യാനം ഒരുക്കിയിരിക്കുന്നത്. കുട്ടികളിൽ പ്രകൃതി സ്നേഹം വളർത്തുക, പ്രകൃതിയിൽ നിന്ന് അറിവ് കണ്ടെത്താൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന സർക്കാർ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ചടങ്ങിൽ യു പ്രതിഭ എംഎൽഎ അധ്യക്ഷത വഹിച്ചു. എ എം ആരിഫ് എംപി മുഖ്യാതിഥിയായി. പൊതു വിദ്യാഭ്യാസ ഡയറക്ടർ കെ ജീവൻ ബാബു പദ്ധതിയുടെ ബ്രോഷർ പ്രകാശനം ചെയ്തു. സമഗ്ര ശിക്ഷ കേരള സംസ്ഥാന പ്രൊജക്ട് ഡയറക്ടർ ഡോ. എ പി കുട്ടികൃഷ്ണൻ പദ്ധതി വിശദീകരിച്ചു.

# കുറ്റമറ്റ ഓൺലൈൻ പരീക്ഷാ സംവിധാനം ഒരുക്കണം: ഗവർണർ

വിശ്വസനീയവും പഴുതുകളില്ലാത്തതുമായ ഓൺലൈൻ പരീക്ഷ സംവിധാനം വികസിപ്പിക്കാൻ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ കേരളത്തിലെ സർവകലാശാല വൈസ്ചാൻസലർമാരോട് ആവശ്യപ്പെട്ടു. വൈസ് ചാൻസലർമാരുടെ ഓൺലൈൻ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

രഹസ്യാത്മകതയും നിഷ്പക്ഷതയും ഉറപ്പാക്കുന്ന ഒരു സംവിധാനമാണ് ഓൺലൈൻ പരീക്ഷകൾക്ക് ഉണ്ടാവേണ്ടതെന്ന് അദ്ദേഹം പറഞ്ഞു. ഓൺലൈൻ പരീക്ഷയും ക്ലാസുമെല്ലാം ഇപ്പോഴത്തെയും വരുംകാലത്തെയും അനിവാര്യതയാണ്. 'സ്വയം' പോർട്ടൽ പോലുള്ള സൗകര്യങ്ങൾ ഉപയോഗിച്ച് ഓൺലൈൻ ക്ലാസുകളുടെ എണ്ണം വർദ്ധിപ്പിക്കണം. സർവകലാശാലകളുടെ ഓൺലൈൻ ക്ലാസുകൾക്ക് വിദ്യാർത്ഥികൾക്കിടയിൽ കൂടുതൽ പ്രചാരം നൽകണം. ഓരോ പഠനവകുപ്പും അദ്ധ്യാപകരും ഓൺലൈൻ ക്ലാസുകളുടെ ശേഖരത്തിലേക്ക് ആവുന്നത്ര ക്ലാസുകൾ സംഭാവനചെയ്യണമെന്നും അദ്ദേഹം നിർദേശിച്ചു.

ഡിജിറ്റൽ അന്തരം കുറയ്ക്കാനായി അദ്ധ്യാപകരെ ഓൺലൈൻ അദ്ധ്യാപന മാർഗങ്ങളിൽ പ്രാപ്തരാക്കണമെന്നും വിദ്യാർത്ഥികളുടെ പരാതികളിൽ എത്രയും വേഗം തീർപ്പു കൽപ്പിക്കണമെന്നും ഗവർണർ പറഞ്ഞു. ജോയിന്റ് ഡിഗ്രി, സംയുക്ത ഗവേഷണം, ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം എന്നിവയും യോഗം ചർച്ച ചെയ്തു.

ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ ഡോ രാജൻ ഗുരുക്കൾ, ഗവർണറുടെ പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ദേവേന്ദ്ര കുമാർ ധോദാവത്, കേരള, എംജി, കലിക്കറ്റ്, കണ്ണൂർ, കുസാറ്റ്, ശ്രീശങ്കര, കേരള കാർഷിക സർവകലാശാല വിസിമാർ യോഗത്തിൽ പങ്കെടുത്തു. യോഗം സെപ്റ്റംബർ 16 ന് സമാപിക്കും.

# കേന്ദ്രത്തിന്റെ സംസ്ഥാനങ്ങളോടുള്ള ധനവിതരണ സമീപനത്തിൽ കൃത്യമായ പദ്ധതി തുടരേണ്ടതുണ്ട്: ധനമന്ത്രി

കേന്ദ്രത്തിന്റെ സംസ്ഥാനങ്ങളോടുള്ള ധനവിതരണത്തിലെ സമീപനത്തിൽ കൃത്യമായ പദ്ധതി തുടരേണ്ടതുണ്ടെന്നും നമ്മുടെ ട്രഷറിയും സർക്കാർ സംവിധാനങ്ങളും ആരോഗ്യമേഖലയും ശക്തിപ്പെടുത്തുന്നതിന് അത് അനിവാര്യമാണെന്നും ധനമന്ത്രി കെ എൻ ബാലഗോപാൽ പറഞ്ഞു. ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വികാസ് ഭവനിലെ നവീകരിച്ച സബ് ട്രഷറിയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. കേന്ദ്ര നയത്തിലെ വ്യത്യാസം കാരണം ഏകദേശം 16000 കോടി രൂപ കേരളത്തിന് കുറവുണ്ടെന്നും മന്ത്രി പറഞ്ഞു.

കേരളത്തിലെ ട്രഷറികൾ ഏതൊരു ബാങ്കിനോടും കിടപിടിക്കുന്ന ആധുനിക രീതിയിലേക്ക് മാറിക്കൊണ്ടിരിക്കുന്നു. 36 ഓളം ട്രഷറികൾ ഇത്തരത്തിൽ ആധുനിക സൗകര്യങ്ങളിലേക്കു മാറിക്കഴിഞ്ഞു. ഇ ബാങ്കിങ് സൗകര്യം, കൂടുതൽ പലിശ എന്നിവ ട്രഷറികളുടെ പ്രത്യേകതയാണ്. പോരായ്മകൾ പരിഹരിച്ചു മുന്നോട്ടു കൊണ്ടുപോകുവാനുള്ള പരിശ്രമങ്ങളാണ് വകുപ്പ് നടത്തുന്നത്. ചടങ്ങിൽ വി കെ പ്രശാന്ത് എം എൽ എ , കുന്നുകുഴി കൗൺസിലർ മേരി പുഷ്പം, ട്രഷറി ഡയറക്റ്റർ എ എം ജാഫർ, ഡെപ്യൂട്ടി ഡയറക്ടർ ബീന, മറ്റു ഉദ്യോഗസ്ഥർ എന്നിവർ സംബന്ധിച്ചു.

# സ്വയം സഹായ സംഘസംരംഭകർക്ക് 8.60 കോടി രൂപയുടെ കമ്മ്യൂണിറ്റി എന്റർപ്രൈസ് ഫണ്ട് വായ്പ നൽകി

ന്യൂഡൽഹി ആസാദി കാ അമൃത് മഹോത്സവത്തിന്റെ ഭാഗമായി, കേന്ദ്ര ഗ്രാമവികസന മന്ത്രാലയം കമ്മ്യൂണിറ്റി എന്റർപ്രൈസ് ഫണ്ട് വായ്പ അനുവദിച്ചു. ഒരാഴ്ചയ്ക്കുള്ളിൽ 2614 സ്വയം സഹായ സംഘ സംരംഭകർക്ക് 8.60 കോടിയാണ് വായ്പയായി അനുവദിച്ചത്. 19 സംസ്ഥാനങ്ങളിലായി സ്റ്റാർട്ട് അപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാമിന് കീഴിൽ സ്വന്തം ഗ്രാമങ്ങളിൽ സൂക്ഷ്മ സംരംഭങ്ങൾ (M-i-cro-En-terpr-i-se-s) ആരംഭിക്കുന്നതിനാണ് വായ്പ.

ആസാദി കാ അമൃത് മഹോത്സവത്തിന്റെ ആഘോഷവേളയിൽ, 2021 സെപ്റ്റംബർ 6 മുതൽ 12 വരെയുള്ള ആഴ്ചയിൽ സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാമിന് (SVEP) കീഴിൽ വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. ഈ പരിപാടികൾ സ്കീമിനെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിലും ഗ്രാമപ്രദേശങ്ങളിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കാൻ ആഗ്രഹിക്കുന്ന ടഒഏ അംഗങ്ങളെ പിന്തുണയ്ക്കുന്നതിലുമാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. പരിപാടികളിൽ പൊതു പ്രതിനിധികളും സർക്കാർ ഉദ്യോഗസ്ഥരും സാമൂഹ്യ സംഘടനകളും പങ്കെടുത്തു.

കമ്മ്യൂണിറ്റി എന്റർപ്രൈസ് ഫണ്ട് വായ്പ നൽകുന്നതിനുമുമ്പ്, ടഒഏ സംരംഭകർക്ക് സംരംഭകത്വത്തെക്കുറിച്ച് പ്രാഥമിക പരിശീലനം നൽകുകയും അവരുടെ നിർദ്ദിഷ്ട ബിസിനസ്സിന്റെ വിശദമായ പദ്ധതി (Business Plan) തയ്യാറാക്കുകയും ചെയ്തു.

ഈ സംരംഭത്തിൽ ആന്ധ്ര, അസം, ബീഹാർ, ഛത്തീസ്ഗഡ്, ഗുജറാത്ത്, ഹരിയാന, ജാർഖണ്ഡ്, കേരളം, മധ്യപ്രദേശ്, മണിപ്പൂർ, മേഘാലയ, മിസോറാം, ഒഡീഷ, പഞ്ചാബ്, രാജസ്ഥാൻ, തെലങ്കാന, ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ്, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങൾ പങ്കാളികളായി.

സ്റ്റാർട്ട് അപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാമിന് കീഴിൽ (ടഢഋജ) ലഭിച്ച പിന്തുണയും അവരുടെ ഗ്രാമങ്ങളിൽ സ്വന്തമായി സംരംഭങ്ങൾ തുടങ്ങിയതിലെ അനുഭവങ്ങളും പുരോഗതിയും ടഒഏ സംരംഭകർ പങ്കുവച്ചു. വിജയകരമായി ബിസിനസ്സ് ചെയ്യുന്നതിന്റെ വിവിധ ഘട്ടങ്ങൾ മനസിലാക്കുന്നതിനും ശക്തമായ വിപണി ബന്ധങ്ങൾ (market linkages) സൃഷ്ടിക്കുന്നതിനും ആവശ്യമായ നിരന്തര ശ്രമങ്ങളെ സംബന്ധിച്ച് അവർ ഊന്നിപ്പറഞ്ഞു.

ഗ്രാമീണ മേഖലയിലെ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിന് (National Rural Livelihood Mission - NRLM) കീഴിലുള്ള ഒരു ഉപ പദ്ധതിയാണ് സ്റ്റാർട്ട്അപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാം

# റഫറൻസ് മീഡിയ പദ്ധതി ഉദ്ഘാടനവും പുസ്തക പ്രകാശനവും

സംസ്ഥാന ആർക്കൈവ്സ് വകുപ്പിന്റെ 20212022 വർഷ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായുള്ള 'റഫറൻസ് മീഡിയ തയ്യാറാക്കൽ' പദ്ധതിയുടെ ഉദ്ഘാടനവും കേരളം മ്യൂസിയം എക്സിക്യൂട്ടീവ് ഡയറക്ടർ ആർ ചന്ദ്രൻപിള്ള രചിച്ച 'മ്യൂസിയം ശാസ്ത്ര തത്വങ്ങൾ' എന്ന പുസ്തകത്തിന്റെ പ്രകാശനവും തുറമുഖം, പുരാവസ്തു, പുരാരേഖാ, മ്യൂസിയം മന്ത്രി അഹമ്മദ് ദേവർകോവിൽ വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ നടന്ന ചടങ്ങിൽ നിർവ്വഹിച്ചു. ലോകത്തിലെ തന്നെ ഏറ്റവും വലിയ താളിയോല രേഖാശേഖരം സൂക്ഷിക്കുന്ന സംസ്ഥാന ആർക്കൈവ്സ് വകുപ്പ് രേഖകളുടെ ബാഹുല്യം, വൈജാത്യം എന്നിവ കൊണ്ട് ഏറെ ശ്രദ്ധേയമാണെന്നും പുരാരേഖകളുടെ ഫലപ്രദമായ പഠന ഗവേഷണത്തിന് ശാസ്ത്രീയമായി തയ്യാറാക്കുന്ന റഫറൻസ് മീഡിയ ആവശ്യമാണെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

പഠന ഗവേഷണത്തിനായി ആർക്കൈവ്സിലെത്തുന്ന ഗവേഷകർക്ക് ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. അഡ്വ. വി.കെ.പ്രശാന്ത് എം.എൽ.എ ആദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ആർക്കൈവ്സ് ഡയറക്ടർ രജികുമാർ.ജെ. സ്വാഗതം പറഞ്ഞു. കേരളം മ്യൂസിയം എക്സിക്യൂട്ടിവ് ഡയറക്ടർ ആർ.ചന്ദ്രൻപിള്ള ചടങ്ങിൽ റിപ്പോർട്ട് അവതരിപ്പിച്ചു. അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. വേണു.വി ആമുഖ പ്രഭാഷണം നടത്തി. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പ്രൊഫ.വി.കാർത്തികേയൻ നായർ പുസ്തകാവതരണം നിർവഹിച്ചു. പുരാവസ്തു വകുപ്പ് ഡയറക്ടർ ഇ.ദിനേശൻ, മ്യൂസിയം, മൃഗശാല വകുപ്പ് ഡയറക്ടർ എൻ.അബു എന്നിവർ ആശംസ പറഞ്ഞു. ആർക്കൈവ്സ് വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ പി.ബിജു ചടങ്ങിൽ നന്ദി പറഞ്ഞു.

# വീഡിയോ കോൺഫറൻസ് വഴി ഓൺലൈനായി വിവാഹം രജിസ്റ്റർ ചെയ്യാം : എം വി ഗോവിന്ദൻ മാസ്റ്റർ

കോവിഡ്19 വ്യാപന സാഹചര്യം നിലനിൽക്കുന്ന പശ്ചാത്തലത്തിൽ വിവാഹിതരായി വർഷങ്ങളായി ഒന്നിച്ച് താമസിക്കുകയും തദ്ദേശ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കാത്തതുമായ ദമ്പതിമാർക്ക് വീഡിയോ കോൺഫറൻസ് ഉൾപ്പെടെയുള്ള ആധുനിക സൗകര്യങ്ങൾ ഉപയോഗിച്ച് വിവാഹം ഓൺലൈനായി രജിസ്റ്റർ ചെയ്യാൻ അനുമതി നൽകി ഉത്തരവായെന്ന് തദ്ദേശ സ്വയംഭരണ, ഗ്രാമവികസന, എക്സൈസ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ അറിയിച്ചു. തദ്ദേശ രജിസ്ട്രാർ മുമ്പാകെ നേരിട്ട് ഹാജരാകാൻ കഴിയാത്ത സാഹചര്യം ഉണ്ടെന്ന് ബോധ്യപ്പെടുന്ന പക്ഷം വിവാഹ മുഖ്യരജിസ്ട്രാർ ജനറലിന്റെ പ്രത്യേക അനുമതിയോടെ 2008ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ ചട്ടങ്ങളുടെ ഭേദഗതി നിലവിൽ വരുന്ന തീയതി വരെയാണ് ഓൺലൈനായി രജിസ്റ്റർ ചെയ്യാൻ അനുമതി. ഓൺലൈനായി വിവാഹം രജിസ്റ്റർ ചെയ്യുമ്പോൾ വ്യാജ ഹാജരാക്കലുകളും ആൾമാറാട്ടവും ഉണ്ടാകാതിരിക്കാൻ തദ്ദേശ രജിസ്ട്രാർമാരും വിവാഹ മുഖ്യ രജിസ്ട്രാർ ജനറലും പ്രത്യേകം ശ്രദ്ധ ചെലുത്തണമെന്ന് മന്ത്രി പറഞ്ഞു. വിവാഹ രജിസ്ട്രേഷൻ നടപടികൾ പാലിക്കാതെ വിദേശത്ത് പോയതിനുശേഷം വിദേശത്തുനിന്നും കോവിഡ്19 പശ്ചാത്തലം ചൂണ്ടിക്കാണിച്ച് പലരും ഓൺലൈനായി വിവാഹം രജിസ്റ്റർ ചെയ്യാൻ കോടതിയെ സമീപിക്കുകയും കോടതി ഉത്തരവുകൾ ലഭ്യമാക്കിക്കൊണ്ട് പല രജിസ്ട്രാർമാരും വിവാഹം രജിസ്റ്റർ ചെയ്തു നൽകിവരുന്നുമുണ്ട്. കോവിഡ് 19 വ്യാപന സാഹചര്യം മുൻനിർത്തി വിദേശരാജ്യങ്ങളിൽ സ്ഥിരതാമസമാക്കിയവരുടെ തൊഴിൽ സംരക്ഷണത്തിനും, താമസസൗകര്യം ലഭിക്കുന്നതിനുള്ള നിയമസാധുതയ്ക്കും വിവാഹ സർട്ടിഫിക്കറ്റ് ആധികാരിക രേഖയായി ആവശ്യപ്പെടുന്നുണ്ട്. ഈ സാഹചര്യത്തിലാണ് വിവാഹം ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നതെന്ന് മന്ത്രി വ്യക്തമാക്കി.




ജില്ലാ വികസന സമിതിയുടെ തുടർ നടപടികളുടെ ഭാഗമായി നെടുമങ്ങാട് മണ്ഡലത്തിലെ റോഡ് വികസന പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനു ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ. അനിലിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ യോഗം ചേർന്നു.

# ഇന്ത്യയിലെ നഗര ആസൂത്രണ ശേഷിയിലെ പരിഷ്കാരങ്ങൾ' സംബന്ധിച്ച റിപ്പോർട്ട് നിതി ആയോഗ് പുറത്തിറക്കും

ന്യൂഡൽഹി: 'ഇന്ത്യയിലെ നഗര ആസൂത്രണ ശേഷിയിലെ പരിഷ്കാരങ്ങൾ' സംബന്ധിച്ച ഒരു റിപ്പോർട്ട് നിതി ആയോഗ് നാളെ (സെപ്റ്റംബർ 16 ) പുറത്തിറക്കും.നിതി ആയോഗ് വൈസ് ചെയർമാൻ ഡോ. രാജീവ് കുമാറും കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ശ്രീ ധർമേന്ദ്ര പ്രധാനും ചേർന്ന് റിപ്പോർട്ട് പ്രകാശനം ചെയ്യും.നിതി ആയോഗ് സിഇഒ അമിതാഭ് കാന്ത്, സ്പെഷ്യൽ സെക്രട്ടറി ഡോ. കെ. രാജേശ്വര റാവു എന്നിവരും പങ്കെടുക്കും.

നിതി ആയോഗ് 2020 ഒക്ടോബറിൽ 'ഇന്ത്യയിലെ നഗര ആസൂത്രണ വിദ്യാഭ്യാസത്തിലെ പരിഷ്കാരങ്ങൾ' എന്ന വിഷയത്തിൽ ഒരു ഉപദേശക സമിതി രൂപീകരിച്ചു.ഈ റിപ്പോർട്ടിനൊപ്പം കമ്മിറ്റി അതിന്റെ നിർദേശങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്

നഗര ആസൂത്രണത്തിന്റെ വിവിധ വശങ്ങളെക്കുറിച്ചുള്ള നിരവധി ശുപാർശകൾ ഉൾക്കൊള്ളുന്നതാണ് റിപ്പോർട്ട്. ആരോഗ്യകരമായ നഗരങ്ങൾ ആസൂത്രണം ചെയ്യുന്നതിനുള്ള ഇടപെടലുകൾ, നഗര ഭൂമിയുടെ കാര്യക്ഷമമായ ഉപയോഗം, മനുഷ്യവിഭവ ശേഷി വർദ്ധിപ്പിക്കൽ, നഗരഭരണം ശക്തിപ്പെടുത്തൽ, പ്രാദേശിക നേതൃത്വം രൂപീകരിക്കുക,സ്വകാര്യമേഖലയുടെ പങ്ക് വർദ്ധിപ്പിക്കൽ, നഗര ആസൂത്രണ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ പുരോഗതി എന്നിവ അവയിൽ ഉൾപ്പെടുന്നു.

# ബി.ടെക് സായാഹ്ന കോഴ്സ് പ്രവേശനം

തിരുവനന്തപുരം എൻജിനിയറിങ് കോളേജിൽ 2021 22 അദ്ധ്യയന വർഷത്തെ ബി.ടെക് ഈവനിംഗ് കോഴ്സ് പ്രവേശനത്തിന് സ്പോട്ട് അഡ്മിഷൻ നടത്തും. വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി ബുക്ക്, ടി.സി, എൻ.ഒ.സി, ഡിപ്ലോമ സർട്ടിഫിക്കറ്റ്, മാർക്ക് ഷീറ്റ്, നിലവിലെ എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ്, കാരക്ടർ ആന്റ് കോണ്ടക്ട് സർട്ടിഫിക്കറ്റ്, എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് എന്നിവയുടെ അസലും പകർപ്പും സഹിതം 20 ന് ഉച്ചയ്ക്ക് ഒന്നിന് തിരുവനന്തപുരം എൻജിനിയറിങ് കോളേജിൽ എത്തണം. വിവരങ്ങൾക്ക്: 0471 2515508, മൊബൈൽ നം. 9447411568.

# ഇന്ത്യൻ ഔഷധങ്ങളുടെ കയറ്റുമതി വർധിപ്പിക്കാൻ സുപ്രധാന ചുവടുവയ്പുമായി ആയുഷ് മന്ത്രാലയം

ന്യൂഡൽഹി : ആയുർവേദ ഉത്പന്നങ്ങളുടെയും മറ്റ് പരമ്പരാഗത ഇന്ത്യൻ ഔഷധങ്ങളുടെയും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ആഗോളതലത്തിലുള്ള അവയുടെ കയറ്റുമതി സാധ്യതകൾ അമേരിക്കൻ വിപണിയിലുൾപ്പെടെ വർദ്ധിപ്പിക്കുന്നതിനുമുള്ള സുപ്രധാനമായ മുന്നേറ്റവുമായി ആയുഷ് മന്ത്രാലയം. ഒരു സുപ്രധാന നീക്കത്തിൽ , 2021 സെപ്റ്റംബർ 13 ന് ഫാർമക്കോപ്പിയ കമ്മീഷൻ ഫോർ ഇന്ത്യൻ മെഡിസിൻ & ഹോമിയോപ്പതിയും (ജഇകങ & ഒ) അമേരിക്കൻ ഹെർബൽ ഫാർമക്കോപ്പിയയും തമ്മിൽ ധാരണാപത്രം ഒപ്പിട്ടു.

വിർച്ച്വലായാണ് ആയുഷ് മന്ത്രാലയം ധാരണാപത്രം ഒപ്പിട്ടത്. ആയുർവേദ മേഖലയിലെയും മറ്റ് ഇന്ത്യൻ പരമ്പരാഗത വൈദ്യശാസ്ത്ര മേഖലകളിലെയും മാനദണ്ഡങ്ങൾ ശക്തിപ്പെടുത്തുക, പ്രോത്സാഹിപ്പിക്കുക, വികസിപ്പിക്കുക എന്നീ ഉദ്ദേശ്യത്തോടെയും തുല്യത, ഉഭയക്ഷി പ്രയോജനം എന്നിവയുടെ അടിസ്ഥാനത്തിലുമാണ് ഇരു രാജ്യങ്ങളും തമ്മിൽ ധാരണാപത്രം ഒപ്പിട്ടത്.

ആയുർവേദ, സിദ്ധ, യുനാനി, ഹോമിയോപ്പതി (അടഡ & ഒ) മരുന്നുകളുടെ കയറ്റുമതി സാധ്യത വർദ്ധിപ്പിക്കുന്നതിന് ഈ സഹകരണം പ്രയോജനപ്രദമാകും. പരമ്പരാഗത വൈദ്യശാസ്ത്ര മേഖലയിലെ സഹകരണത്തിന് ആവശ്യമായ മോണോഗ്രാഫുകൾ വികസിപ്പിക്കുന്നതിനും മറ്റ് പ്രവർത്തനങ്ങളും കർമ്മപദ്ധതിയും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ധാരണാപത്രത്തിന് കീഴിൽ, ഒരു സംയുക്ത സമിതി പ്രവർത്തിക്കും.

ആയുർവേദ, സിദ്ധ, യുനാനി മരുന്നുകളുടെ സുരക്ഷ സംബന്ധിച്ച് ആഗോള സമൂഹത്തിൽ ആത്മവിശ്വാസം വർധിപ്പിക്കാൻ ധാരണാപത്രത്തിനാകുമെന്ന് മന്ത്രാലയം കരുതുന്നു. ഫാർമക്കോപ്പിയ കമ്മീഷൻ ഫോർ ഇന്ത്യൻ മെഡിസിൻ & ഹോമിയോപ്പതിക്കും അമേരിക്കൻ ഹെർബൽ ഫാർമക്കോപ്പിയയ്ക്കും ആയുർവേദ ഉത്പന്നങ്ങളുടെ /മരുന്നുകളുടെയും വിപണിയായ ഹെർബൽ മാർക്കറ്റ് നേരിടുന്ന വിവിധ വെല്ലുവിളികൾ തിരിച്ചറിയാൻ സാധിക്കുമെന്നതാണ് ഈ പങ്കാളിത്തത്തിന്റെ പ്രധാന ഫലങ്ങളിലൊന്ന്. ഈ സഹകരണത്തിൽ നിന്ന് വികസിതമാകുന്ന ആയുർവേദ മാനദണ്ഡങ്ങൾ യു.എസ്.എ.യിലെ സസ്യ ഔഷധ നിർമ്മാതാക്കളും സ്വീകരിക്കുന്നതിന് ധാരണാപത്രം ഇടയാക്കും.

ഇത് ഒരു പ്രധാന ചുവടുവയ്പ്പായി വിലയിരുത്താവുന്നതാണ്. ഈ സഹകരണത്തിൽ നിന്ന് വികസിപ്പിച്ചെടുത്ത ആയുർവേദ മാനദണ്ഡങ്ങൾ സ്വീകരിക്കുന്നത് ആയുർവേദ, സിദ്ധ, യുനാനി ഉത്പന്നങ്ങളുടേയും / മരുന്നുകളുടെയും അമേരിക്കൻ വിപണിയിലുള്ള അംഗീകാരം പ്രോത്സാഹിപ്പിക്കും.

ആയുർവേദത്തിന്റെയും മറ്റ് പരമ്പരാഗത ഇന്ത്യൻ ഔഷധങ്ങളുടെയും സസ്യ ഔഷധങ്ങളുടെയും മോണോഗ്രാഫുകൾ വികസിപ്പിക്കൽ, ഉചിതമായ അംഗീകാരത്തോടെ മോണോഗ്രാഫുകൾ വികസിപ്പിക്കുന്നതിനുള്ള സാങ്കേതിക ഡാറ്റ കൈമാറ്റം, പരിശീലനവും കാര്യക്ഷമതയും വർദ്ധിപ്പിക്കൽ, സംരക്ഷിത സസ്യവർഗ്ഗങ്ങൾ (ഹെർബേറിയം സ്പെസിമെൻസ്), ബൊട്ടാണിക്കൽ റഫറൻസ് സാമ്പിളുകൾ, ഫൈറ്റോകെമിക്കൽ റഫറൻസ് മാനദണ്ഡങ്ങൾ തുടങ്ങിയവയും ധാരണാപത്രത്തിന്റെ ഭാഗമാണ്. ആയുർവേദ ഉത്പന്നങ്ങളുടെയും മറ്റ് പരമ്പരാഗത ഇന്ത്യൻ ഔഷധ ഉത്പന്നങ്ങളുടെയും / മരുന്നുകളുടെയും സസ്യ ഔഷധ ഉൽപന്നങ്ങളുടെയും ഡിജിറ്റൽ ഡാറ്റാബേസ് വികസിപ്പിക്കുന്നതിനും, ആയുർവേദത്തിലും മറ്റ് ഇന്ത്യൻ പരമ്പരാഗത വൈദ്യത്തിലും ഉപയോഗിക്കുന്ന മരുന്നുകളുടെയും /ഉൽപന്നങ്ങളുടെയും ഗുണനിലവാരം ഉയർത്തുന്നതിനുള്ള സഹകരണത്തിന്റെ കൂടുതൽ മേഖലകൾ തിരിച്ചറിയുന്നതിനും ധാരണാപത്രം വഴിയൊരുക്കും.

ഇന്ത്യയും അമേരിക്കയും തമ്മിലുള്ള ഈ ധാരണാപത്രം ആയുർവേദത്തിന്റെയും മറ്റ് ഇന്ത്യൻ പരമ്പരാഗത ഔഷധ ഉൽപന്നങ്ങളുടെയും ഗുണനിലവാരം ശക്തിപ്പെടുത്തുന്നതിനായി ആയുഷ് മന്ത്രാലയം സ്വീകരിച്ചു പോരുന്ന സംരംഭങ്ങൾക്ക് കൂടുതൽ ആക്കം കൂട്ടുന്നതിനുള്ള സമയബന്ധിതമായ നടപടിയാണ്.



ജി വി രാജാ സ്പോർട്സ് സ്കൂളിലെ അന്താരാഷ്ട്രാ നിലവാരത്തിലുള്ള സിന്തറ്റിക് ട്രാക്കിന്റെയും ആധുനികനിലവാരത്തിലുള്ള സയൻസ്-കമ്പ്യൂട്ടർ ലാബുകളുടെയും ഉദ്ഘാടനം മന്ത്രി വി അബ്ദുറഹിമാൻ നിർവ്വഹിക്കുന്നു.

# ഉപതിരഞ്ഞെടുപ്പ് വോട്ടർ പട്ടികയിൽ 20 വരെ പേര് ചേർക്കാം

തദ്ദേശ ഉപതിരഞ്ഞെടുപ്പിന് മുന്നോടിയായി 12 ജില്ലകളിലെ 32 വാർഡുകളിലെ വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനും ആക്ഷേപങ്ങൾ സമർപ്പിക്കുന്നതിനും സെപ്റ്റംബർ 20 വരെ അവസരം. കരട് വോട്ടർപട്ടിക ०००.ഹഴെലഹലരശേീ.സലൃമഹമ.ഴീ.ശി വെബ് സൈറ്റിലും ബന്ധപ്പെട്ട പഞ്ചായത്ത്,നഗരസഭ,താലൂക്ക്,വില്ലേജ് ഓഫീസുകളിലും സെപ്റ്റംബർ 6 ന് പ്രസിദ്ധീകരിച്ചിരുന്നു. ഇലക്ട്രൽ രജിസ്ട്രേഷൻ ഓഫീസർമാർ കരട് വോട്ടർപട്ടികയിൻമേൽ തുടർനടപടി സ്വീകരിച്ച് സെപ്റ്റംബർ 30 ന് അന്തിമ പട്ടിക പ്രസിദ്ധീകരിക്കും. 2021 ജനുവരി ഒന്നിനോ അതിന് മുമ്പോ 18 വയസ്സ് തികഞ്ഞവർക്കാണ് വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ അവസരമുള്ളത്. എല്ലാ വോട്ടർമാരും ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ അഭ്യർത്ഥിച്ചു.

ആലപ്പുഴ ജില്ലാ പഞ്ചായത്തിലെ അരൂർ, പാലക്കാട് ജില്ലാ പഞ്ചായത്തിലെ ശ്രീകൃഷ്ണപുരം, കോഴിക്കോട് ജില്ലാ പഞ്ചായത്തിലെ നൻമണ്ട വാർഡുകളിലും തിരുവനന്തപുരം ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിലെ ഇടക്കോട്, പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിലെ പോത്തൻകോട്, തൃശൂർ മതിലകം ബ്ലോക്ക് പഞ്ചായത്തിലെ അഴീക്കോട്, പാലക്കാട് കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിലെ ചുങ്കമന്ദം വാർഡുകളിലും തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിലെ വെട്ടുകാട്, കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ ഗാന്ധിനഗർ വാർഡുകളിലും തിരുവനന്തപുരം വിതുര പൊന്നാംചുണ്ട്, കൊല്ലം ചിതറ സത്യമംഗലം, കൊല്ലം തേവലക്കര നടുവിലക്കര, കോട്ടയം കാണക്കാരികളരിപ്പടി, കോട്ടയം മാഞ്ഞൂർ മാഞ്ഞൂർ സെൻട്രൽ , ഇടുക്കി രാജക്കാട് കുരിശുംപടി, ഇടുക്കി ഇടമലക്കുടി വടക്കേ ഇടലി പാറക്കുടി, തൃശൂർ കടപ്പുറംലൈറ്റ് ഹൗസ്, പാലക്കാട് തരൂർ തോട്ടുവിള, പാലക്കാട് എരുത്തേമ്പതി മൂങ്കിൽമട, പാലക്കാട് എരുമയൂർ അരിയക്കോട്, പാലക്കാട് ഓങ്ങല്ലൂർ കർക്കിടകച്ചാൽ, മലപ്പുറം പൂക്കോട്ടൂർ ചീനിക്കൽ, മലപ്പുറം കാലടി ചാലപ്പുറം, മലപ്പുറം തിരുവാലി കണ്ടമംഗലം, മലപ്പുറം ഊർങ്ങാട്ടിരി വേഴക്കോട്, മലപ്പുറം മക്കരപ്പറമ്പ് കാച്ചിനിക്കാട്, കോഴിക്കോട് കൂടരഞ്ഞികുമ്പാറ, കോഴിക്കോട് ഉണ്ണിക്കുളം വള്ളിയോത്ത്, കണ്ണൂർ എരുവേശി കൊക്കമുള്ള് എന്നീ ഗ്രാമ പഞ്ചായ ത്തു വാർഡുകളിലും എറണാകുളം പിറവം ഇടപ്പിള്ളിച്ചിറ, തൃശൂർ ഇരിങ്ങാലക്കുട ചാലാംപാടം, കാസർഗോഡ് കാഞ്ഞങ്ങാട് ഒഴിഞ്ഞവളപ്പ് എന്നീ മുനിസിപ്പാലിറ്റി വാർഡുകളിലുമാണ് ഉപതിരഞ്ഞെടുപ്പിനായി വോട്ടർപട്ടിക പുതുക്കുന്നത്.

## യോഗ ഇൻസ്ട്രക്ടർ വാക്ക് ഇൻ ഇന്റർവ്യൂ 22 ന്

നാഷണൽ ആയുഷ് മിഷൻ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസ് മുഖേന നടത്തുന്ന പദ്ധതിയിൽ യോഗ ഇൻസ്ട്രക്ടർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് വാക്ക് ഇൻ ഇന്റർവ്യൂ നടത്തും. ഉദ്യോഗാർത്ഥികൾ തിരുവനന്തപുരം ആയുർവേദ കോളേജിന് സമീപമുള്ള ആരോഗ്യഭവൻ ബിൽഡിംഗിൽ പ്രവർത്തിക്കുന്ന ഭാരതീയ ചികിത്സാ വകുപ്പ്, ജില്ലാ മെഡിക്കൽ ഓഫീസിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് അസൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും സഹിതം 22 ന് രാവിലെ 11 മണിക്ക് നേരിട്ട് ഹാജരാകണം. കോവിഡ് വാക്സിനേഷൻ രണ്ട് ഡോസ് സ്വീകരിച്ചതിന്റെ സർട്ടിഫിക്കറ്റോ 48 മണിക്കൂറിനുള്ളിൽ എടുത്ത ആർ.ടി.പി.സി.ആർ നെഗറ്റീവ് സർട്ടിഫിക്കറ്റോ ഹാജരാക്കണം. നാല് ഒഴിവുണ്ട്. എസ്.എസ്.എൽ.സി പാസായിരിക്കണം. അംഗീകൃത സർവകലാശാലയിലോ സർക്കാരിൽ നിന്നോ ഒരു വർഷത്തിൽ കുറയാത്ത യോഗ പരിശീലന സർട്ടിഫിക്കറ്റ്, അംഗീകൃത സർവകലാശാലയിൽ നിന്നുള്ള യോഗ പി.ജി ഡിപ്ലോമ സർട്ടിഫിക്കറ്റ്, അംഗീകൃത സർവകാലാശാലയിൽ നിന്നുള്ള ബി.എൻ.വൈ.എസ്/ എം.എസ്സി(യോഗ)/ എംഫിൽ(യോഗ) സർട്ടിഫിക്കറ്റ് ഉണ്ടാകണം.

# എല്ലാ ജില്ലകളിലും സെറോ പ്രിവലൻസ് പഠനം നടക്കുന്നു: മുഖ്യമന്ത്രി

സംസ്ഥാനത്ത് എല്ലാ ജില്ലകളിലും സെറൊ പ്രിവലൻസ് പഠനം നടക്കുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. എത്ര പേർക്ക് രോഗം വന്നു മാറി എന്നു മനസ്സിലാക്കാനാണ് പഠനം. കുട്ടികളിലും സെറോ പ്രിവലൻസ് പഠനം നടത്തുന്നുണ്ട്. രോഗവ്യാപനത്തിന്റെ തോതും സ്വഭാവവും മനസ്സിലാക്കാനും അതനുസരിച്ച് വാക്സിൻ വിതരണവും പ്രതിരോധ പ്രവർത്തനങ്ങളും കൂടുതൽ കൃത്യതയോടെ നടപ്പിലാക്കാനും പഠനം സഹായകമാകും. ഈ മാസം അവസാനത്തോടെ പഠനം പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് കരുതുന്നതെന്ന് മുഖ്യമന്ത്രി അറിയിച്ചു.

ക്വാറന്റീൻ ഉൾപ്പെടെയുള്ള കോവിഡ് നിയന്ത്രണങ്ങൾ നടപ്പാക്കുന്നതിനായി പോലീസിന്റെ 16,575 സംഘങ്ങളെയാണ് കഴിഞ്ഞ ഒരാഴ്ച മാത്രം നിയോഗിച്ചത്. 1,45,308 വീടുകളിൽ കഴിഞ്ഞയാഴ്ച പോലീസ് സന്ദർശനം നടത്തി. ക്വാറന്റീനിൽ കഴിയുന്ന 3,40,781 പേരെയാണ് പോലീസിന്റെ മോട്ടോർ സൈക്കിൾ സംഘം സന്ദർശിച്ച് വിവരങ്ങൾ അരാഞ്ഞത്. കഴിഞ്ഞയാഴ്ച ക്വാറന്റീനിൽ കഴിഞ്ഞ 3,47,990 പേരെ ഫോണിൽ ബന്ധപ്പെട്ട് പോലീസ് വിവരങ്ങൾ ശേഖരിച്ചു. ക്വാറന്റീൻ ലംഘിച്ച 1239 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തു. 18 വയസിന് മുകളിലുള്ള ബാക്കിയുള്ളവർക്ക് കൂടി ഈ മാസം തന്നെ വാക്സിൻ നൽകാനുള്ള പരിശ്രമത്തിലാണ് സർക്കാർ. രണ്ടു മൂന്നു മാസങ്ങൾക്കകം രണ്ടാം ഡോസ് വാക്സിനേഷനും പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നത്. സെപ്റ്റംബർ എട്ട് മുതൽ 14 വരെയുള്ള കാലയളവിൽ, ശരാശരി കോവിഡ് ആക്ടീവ് കേസുകൾ 1,53,067 ആണ്. കഴിഞ്ഞ ആഴ്ചയെ അപേക്ഷിച്ച് 42,998 കേസുകളും കുറഞ്ഞിട്ടുണ്ട്. കഴിഞ്ഞ ആഴ്ചയുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ ആഴ്ചയിൽ ടിപിആറിന്റെയും പുതുതായി ഉണ്ടായ കേസുകളുടെയും വളർച്ചാ നിരക്ക് യഥാക്രമം ആറ് ശതമാനവും 21 ശതമാനവും കുറഞ്ഞിട്ടുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു.

# ജൻമനാ അംഗവൈകല്യമുള്ള കുട്ടിയുടെ കുടുംബത്തിന് മന്ത്രി മുൻഗണനാ കാർഡ് നൽകി

തിരുവനന്തപുരം കോർപ്പറേഷനിൽ പുഞ്ചക്കരി വാർഡിൽ സന്തോഷ് ഭവനിൽ ജൻമനാ 90 ശതമാനം അന്ധത ബാധിച്ച വരുണിന്റെ കുടുംബത്തിന് ഭക്ഷ്യ പൊതുവിതരണ മന്ത്രി ജി.ആർ അനിൽ മുൻഗണനാ കാർഡ് നൽകി. വരുണിന്റെ മാതാപിതാക്കളായ വിഷ്ണുവും മീരയും കാർഡ് ഏറ്റുവാങ്ങി. സാമ്പത്തികമായി പ്രയാസമനുഭവിക്കുന്ന കുടുംബത്തിന് സ്വന്തമായി വീടോ സ്ഥലമോ ഇല്ല. വാടക വീട്ടിൽ താമസിക്കുന്ന ഇവർക്ക് കോവിഡ് മഹാമാരി വന്നതോടെ ജോലി നഷ്ടപ്പെട്ടു. കുട്ടിയുടെ മാതാപിതാക്കൾ ചികിത്സയ്ക്ക് പണം കണ്ടെത്താൻ കഴിയാത്ത അവസ്ഥയിലുമായി. പ്രതിമാസം 7000 രൂപയോളം കുട്ടിയുടെ ചികിത്സയ്ക്കായി മാത്രം ചിലവാകുന്നു. എസ്.എ.ടി യിലെ ഡിഡിസി നിർദ്ദേശിച്ച പ്രകാരം മൂന്ന് തവണ ജനറ്റിക്ക് ടെസ്റ്റ് നടത്താൻ 60,000 രൂപ വേണ്ടി വരും. ഈ സാഹചര്യത്തിലാണ് ഭക്ഷ്യ വകുപ്പ് മന്ത്രിയെ നേരിട്ട് കണ്ട് ബുധനാഴ്ച നിവേദനം നൽകിയത്. ഉടൻ തന്നെ മുൻഗണനാ കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കാൻ മന്ത്രി നിർദ്ദേശിക്കുകയും വൈകുന്നേരം മുൻഗണനാ കാർഡ് മന്ത്രി നേരിട്ട് കൈമാറ്റുകയും ചെയ്തു.

# ഏജൻസി സസ്പെൻഡ് ചെയ്തു

തിരുവനന്തപുരം ജില്ലയിലെ ആറാമട പോസ്റ്റോഫീസിൽ മഹിളാപ്രധാൻ ഏജന്റായി പ്രവർത്തിച്ചു വന്ന ആർ അംബികയുടെ ധ (സി.എ. നം.13/ങജഅ/ഠഢങ/2001), ഉത്രാടം, സൊസൈറ്റി റോഡ്, ആറാമട പി.ഒ., തൃക്കണ്ണാപുരം, തിരുവനന്തപുരം 695 032 പ മഹിളാപ്രധാൻ ഏജൻസി ജില്ലാ കളക്ടർ സസ്പെൻഡ് ചെയ്തു. ഗുരുതരമായ സാമ്പത്തിക കുറ്റകൃത്യത്തിൽ ഏർപ്പെട്ടു എന്ന് തപാൽ വകുപ്പ് റിപ്പോർട്ട് ചെയ്യുകയും പൂജപ്പുര പോലീസ് അന്വേഷണം നടത്തുകയും ചെയ്യുന്ന സാഹചര്യത്തിലാണ് നടപടി. പൊതുജനങ്ങൾ പോസ്റ്റോഫീസ് നിക്ഷേപവുമായി ബന്ധപ്പെട്ട് ഈ ഏജന്റുമായി പണമിടപാട് നടത്തരുത്. ഇവർ മുഖേന പോസ്റ്റോഫീസ് നിക്ഷേപം നടത്തിയ എല്ലാ നിക്ഷേപകരും പാസ്സ്ബുക്കും തിരിച്ചറിയൽ രേഖകളുമായി ബന്ധപ്പെട്ട പോസ്റ്റോഫീസിലെത്തി അക്കൗണ്ട് വിവരങ്ങൾ കൃത്യമാണെന്ന് ഉറപ്പു വരുത്തണം. മഹിളാപ്രധാൻ ഏജന്റുമാരുടെ പ്രവർത്തനം സംബന്ധിച്ച പരാതികളും നിർദ്ദേശങ്ങളും ദേശീയ സമ്പാദ്യ പദ്ധതി ജില്ലാ ഓഫീസറെ അറിയിക്കാം. ജില്ലാ ഓഫീസിന്റെ മേൽവിലാസം: ദേശീയ സമ്പാദ്യ പദ്ധതി ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, സി.ഐ. പരമേശ്വരൻപിള്ള റോഡ്, വഞ്ചിയൂർ, തിരുവനന്തപുരം 695 035, ഫോൺ 0471 2478731, ഇമെയിൽ - n-sd-tvm-d-i-st@gm-a-i-l.com

# വേണുരാജാമണി ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി

മുൻ ഐ. എഫ്. എസ് ഉദ്യോഗസ്ഥൻ വേണു രാജാമണിയെ കേരള സർക്കാരിന്റെ എക്സ്റ്റേണൽ കോഓപ്പറേഷൻ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയായി ഒരു വർഷത്തേക്ക് നിയോഗിച്ചു. ചീഫ് സെക്രട്ടറിക്ക് തുല്യമായ പദവിയിലാണ് നിയമിച്ചത്. ന്യൂഡൽഹി കേന്ദ്രീകരിച്ചാവും പ്രവർത്തനം. കേന്ദ്ര വിദേശകാര്യ മന്ത്രാലയം, ന്യൂഡൽഹി, ചെന്നൈ, ബംഗളൂരു വിദേശ മിഷനുകൾ, കേരളവുമായി ബന്ധപ്പെട്ട വിദേശത്തെ ഇന്ത്യൻ നയതന്ത്ര ദൗത്യങ്ങൾ എന്നിവയുടെ ലെയ്സൺ പ്രവർത്തനങ്ങളാവും പ്രധാന ചുമതല. സംസ്ഥാന സർക്കാരിന്റേയും വിദേശ നയതന്ത്ര മിഷനുകളുടെയും പ്രൊപ്പോസലുകളുടെ പുരോഗതി വിലയിരുത്തലും മുഖ്യമന്ത്രിയുടെ വിദേശ സന്ദർശനത്തിന്റെ ഭാഗമായി ഉരുത്തിരിയുന്ന വിവിധ വിഷയങ്ങളുടെ തുടർ പ്രവർത്തനങ്ങളുടെ ഏകോപനവും ചുമതലയിൽപെടും. പ്രവാസി വിഷയങ്ങളിലും വിദേശ സർക്കാരുകളുമായുള്ള ഉടമ്പടികളുമായി ബന്ധപ്പെട്ട നിയമങ്ങളിലും വ്യവസ്ഥകളിലും സംസ്ഥാന സർക്കാരിന് ആവശ്യമായ ഉപദേശങ്ങളും അദ്ദേഹം നൽകും. വിദ്യാഭ്യാസം, സാംസ്കാരികം, ധനകാര്യം, നൈപുണ്യ വികസനം, തൊഴിൽ തുടങ്ങിയ വിഷയങ്ങളിൽ കേരളത്തിനുള്ള അവസരങ്ങളും യോജിച്ചപ്രവർത്തനങ്ങളും സഹകരണവും ആരായുന്നതിനും അദ്ദേഹം നടപടി സ്വീകരിക്കും. കേരളം സന്ദർശിക്കുന്ന ബിസിനസ് സംഘങ്ങൾ, വിദേശ ഉദ്യോഗസ്ഥർ എന്നിവരുമായി ആശയവിനിമയം നടത്തുന്നതിന് സംസ്ഥാന സർക്കാരിന് സഹായവും ഉറപ്പാക്കും.

# നിയമസഭാ സമ്മേളനം

15ാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനം ഒക്ടോബർ നാലു മുതൽ വിളിച്ചു ചേർക്കുന്നതിന് ഗവർണറോട് ശുപാർശ ചെയ്യാൻ തീരുമാനിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

# ഒന്നാം ക്ലാസ് പ്രവേശനം: സർക്കാർ എയ്ഡഡ് സ്കൂളുകളിൽ കുട്ടികൾ വർദ്ധിച്ചു

ഒന്നാം ക്ലാസ് പ്രവേശനത്തിൽ പുതിയ റെക്കോർഡിട്ട് പൊതുവിദ്യാഭ്യാസ മേഖല. സർക്കാർ എയ്ഡഡ് മേഖലയിൽ മുൻവർഷത്തെ അപേക്ഷിച്ച് 28,482 കുട്ടികളാണ് ഒന്നാംക്ലാസിൽ ഇക്കൊല്ലം അധികമായി എത്തിയത്. 2020 21ൽ സർക്കാർ മേഖലയിൽ 1,05472 കുട്ടികളും എയ്ഡഡ് മേഖലയിൽ 1,71,460 കുട്ടികളുമടക്കം 2,76,932 കുട്ടികളാണ് ഒന്നാം ക്ലാസിൽ ചേർന്നത്. 202122 അധ്യയനവർഷത്തിൽ സർക്കാർ മേഖലയിൽ 1,20,706 കുട്ടികളും എയ്ഡഡ് മേഖലയിൽ 1,84,708 കുട്ടികളടക്കം 3,05,414 കുട്ടികളാണ് ഒന്നാം ക്ലാസിൽ എത്തിയത്.

അതേസമയം അൺ എയ്ഡഡ് മേഖലയിൽ 6,615 കുട്ടികളുടെ കുറവ് രേഖപ്പെടുത്തി. മുൻവശം 44,849 കുട്ടികൾ അൺഎയ്ഡഡ് വിദ്യാലയങ്ങളിൽ ഒന്നാം ക്ലാസ്സിൽ ചേർന്നപ്പോൾ ഈ വർഷം അത് 38,234 കുട്ടികളായി ചുരുങ്ങി. എൽഡിഎഫ് സർക്കാർ നടപ്പാക്കിയ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങൾ വർദ്ധിച്ചതും അക്കാദമിക പ്രവർത്തനങ്ങൾ മെച്ചപ്പെട്ടതുമാണ് പൊതു വിദ്യാഭ്യാസ മേഖലയിൽ കുട്ടികൾ കൂടുതലായി എത്തിയതെന്ന് പൊതുവിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി വ്യക്തമാക്കി.

# സംസ്ഥാനത്ത് 829 അംഗനവാടികളിൽ വൈദ്യുതി കണക്ഷൻ നൽകി

സംസ്ഥാനത്ത് 829 അംഗനവാടികളിൽ സൗജന്യ വൈദ്യുതി കണക്ഷൻ നൽകിയതായി വൈദ്യുതി മന്ത്രി കെ. കൃഷ്ണൻകുട്ടി അറിയിച്ചു. കേരള സർക്കാരിന്റെ നൂറുദിന പരിപാടിയുടെ ഭാഗമായാണ് അംഗനവാടികളിലെ കുട്ടികൾക്ക് വെളിച്ചമെത്തിച്ചത്. ഇവയിൽ 398 അംഗനവാടികൾക്ക് ഒരു പോസ്റ്റ് ഉൾപ്പെടെയുള്ള വൈദ്യുതി കണക്ഷൻ കെ.എസ്.ഇ.ബി സൗജന്യമായാണ് നൽകിയത്. കെ.എസ്.ഇ.ബിയുടെ സ്വന്തം ഫണ്ടിൽ നിന്നും 17.65 ലക്ഷം രൂപ ചെലവാക്കിയാണ് ഇത്രയും കണക്ഷൻ നൽകിയത്.

മലപ്പുറത്താണ് ഏറ്റവും കൂടുതൽ അംഗനവാടികൾക്ക് വൈദ്യുതി കണക്ഷൻ അനുവദിച്ചത്, 48 എണ്ണം. തിരുവനന്തപുരത്ത് 30 കണക്ഷനുകളും കൊല്ലം22, പത്തനംതിട്ട37, കോട്ടയം34, ആലപ്പുഴ 25, എറണാകുളം 7, ഇടുക്കി 34, തൃശ്ശൂർ10, പാലക്കാട്37, കോഴിക്കോട്43, കണ്ണൂർ20, കാസർഗോഡ്20, വയനാട്31 കണക്ഷനുകൾ നൽകി. ബാക്കിയുള്ള 431 അംഗനവാടികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വനിതാശിശുവികസന വകുപ്പ് തുടങ്ങിയവയുടെ ഫണ്ടുപയോഗിച്ചാണ് വൈദ്യുതി ലഭ്യമാക്കിയത്.



എലത്തൂർ മണ്ഡലത്തിലെ ടൂറിസം പ്രവർത്തനങ്ങൾ മന്ത്രിമാരായ എ. കെ. ശശീന്ദ്രൻ, മുഹമ്മദ് റിയാസ് എന്നിവരുടെ നേതൃത്വത്തിൽ വിലയിരുത്തുന്നു

NAUTICAL TIMES
KERALA
Thiruvananthapuram
RNI.Reg,No. KERBIL/2018/77391
2021 SEPTEMBER 16 THURSDAY


# രാഷ്ട്രീയത്തിനുവേണ്ടി മതത്തെ ചൂഷണം ചെയ്യരുത്: മാർപാപ്പ



പ്രസോവ്: വിശുദ്ധ കുരിശിനെ രാഷ്ട്രീയചിഹ്നമായോ ക്രൈസ്തവർ ജയാഘോഷത്തിനായോ ഉപയോഗിക്കരുതെന്നു ഫ്രാൻസിസ് മാർപാപ്പ. സ്ലൊവാക്യയിൽ അപ്പസ്തോലിക സന്ദർശനം നടത്തുന്ന ഫ്രാൻസിസ് മാർപാപ്പ വിശുദ്ധ കുരിശിൻറെ പുകഴ്ചയുടെ തിരുനാൾ ദിനമായ ഇന്നലെ ഗ്രീക്ക് കത്തോലിക്കാ സഭയുടെ ബൈസൻറൈൻ ആരാധനാ ക്രമത്തിലുള്ള വിശുദ്ധ കുർബാനയിൽ സംബന്ധിച്ചു സംസാരിക്കുകയായിരുന്നു.

കുരിശ് ലോകദൃഷ്ടിയിൽ പരാജയത്തിൻറെ ചിഹ്നമാണ്. ഉപരിപ്ലവമായി കുരിശിനെ കണുന്നവർ അതിൻറെ സന്ദേശം ഗ്രഹിക്കുന്നില്ല. യോഹന്നാൻ ശ്ലീഹാ മനുഷ്യ ദുരിതത്തിൻറെ ചരിത്രത്തിൽ ഇറങ്ങിവരുന്ന ദൈവത്തെ കുരിശിൽ കണ്ടു. തങ്ങളുടെ ദുരിതങ്ങളിൽ ക്രിസ്തുവിനെ കണ്ടെത്തുവാൻ കുരിശ് സഹായിക്കുന്നു. കുരിശിൻറെ മഹത്വം നാം കണ്ടെത്താൻ പഠിക്കേണ്ടതു കുരിശിൻറെ ജീവിതം നയിച്ചുകൊണ്ടാവണം.

കുരിശിനെ ഭക്തിയുടെ വസ്തുവായോ രാഷ്ട്രീയമത ചിഹ്നമായോ, സാമൂഹ്യപദവിക്കുവേണ്ടിയോ പരിമിതപ്പെടുത്തരുതെന്നും ഫ്രാൻസിസ് മാർപാപ്പ പറഞ്ഞു.

ബൈസൻറൈൻ ആരാധന ക്രമത്തിൽ നടന്ന വിശുദ്ധ കുർബാനയിൽ പ്രസോവ് ആർച്ച്ബിഷപ് ജൻ ബാബ്ജാംഗ് മുഖ്യകാർമികത്വം വഹിച്ചു. നിരവധി ഗ്രീക്ക് ലാറ്റിൻ മെത്രാന്മാരും 30,000 ലേറെ വിശ്വാസികളും പങ്കെടുത്തു.

2011ലെ സെൻസസ് പ്രകാരം സ്ലൊവാക്യൻ ജനസംഖ്യയിൽ 65.8 ശതമാനം കത്തോലിക്കരാണ് (62 ശതമാനം ലത്തീൻ കത്തോലിക്കരും 3.8 ശതമാനം ഗ്രീക്ക് കത്തോലിക്കാ വിശ്വാസികളും) ഗ്രീക്ക് കത്തോലിക്കാ വിശ്വാസികളാണ് ബൈസൻറൈൻ ആരാധനക്രമം പിന്തുടരുന്നത്. ഇരുസഭകളും തമ്മിലുള്ള ഐക്യത്തിൻറെ ഭാഗമായാണ് ഫ്രാൻസിസ് മാർപാപ്പ ഇന്നലെ ബൈസൻറൈൻ വിശുദ്ധ കുർബാനയിൽ പങ്കെടുത്തത്. 1950 ൽ പ്രസോവിലെ കമ്യൂണിസ്റ്റ് ഭരണാധികാരികൾ പൗരസ്ത്യ കത്തോലിക്കാ വിശ്വാസികളെ ഓർത്തഡോക്സ് സഭയിൽ ചേരാൻ നിബന്ധിക്കുകയും വിസമ്മതിച്ചവരെ ജയിലിൽ അടയ്ക്കുകയും ചെയ്തിരുന്നു.

മാർപാപ്പയുടെ സ്ലൊവാക്യൻ പര്യടനം ഇന്ന് അവസാനിക്കും.

## അഫ്ഗാനിൽ ഇന്ത്യൻ വംശജനെ തട്ടിക്കൊണ്ടുപോയി

കാബൂൾ: ഇന്ത്യൻ വംശജനായ അഫ്ഗാനിസ്ഥാൻ പൗരനെ തലസ്ഥാനമായ കാബൂളിൽ നിന്നും അജ്ഞാതർ തട്ടിക്കൊണ്ടുപോയെന്ന് റിപ്പോർട്ട്. കഴിഞ്ഞ രാത്രിയാണ് തോക്കുധാരികളായ സംഘം കർതേ പർവാൻ മേഖലയിൽ നിന്നും ബാൻസുരി ലാൽ (50) എന്നയാളെ തട്ടിക്കൊണ്ടുപോയത്.

അകാലിദൾ നേതാവ് മൻജിന്ദർ സിർസയാണ് ഇത് സംബന്ധിച്ച വിവരം ട്വീറ്റ് ചെയ്തത്. ബൻസുരി ലാൽ ഹിന്ദു സിഖ് കുടുംബത്തിൽ ഉൾപ്പെട്ടയാളാണെന്നും കുടുംബമാണ് വിവരം നൽകിയതെന്നും അകാലിദൾ നേതാവ് വ്യക്തമാക്കി. ഡൽഹി സിഖ് ഗുരുദ്വാര മാനേജ്മെൻറ് കമ്മിറ്റി പ്രസിഡൻറു കൂടിയാണ് സിർസ.

അഞ്ചംഗ തോക്കുധാരികൾ കാറിലാണ് വ്യവസായി കൊണ്ടുപോയതെന്നാണ് കുടുംബം അറിയിച്ചിരിക്കുന്നത്. സഹോദരൻ ഉൾപ്പടെയുള്ള ബന്ധുക്കൾ കേന്ദ്ര സർക്കാരിൻറെ ഇടപെടൽ ആവശ്യപ്പെട്ടിട്ടുണ്ട്. ട്വിറ്ററിൽ വിദേശകാര്യ മന്ത്രാലയത്തെ ടാഗ് ചെയ്താണ് അകാലിദൾ നേതാവ് വിവരം പരസ്യപ്പെടുത്തിയിരിക്കുന്നത്. സംഭവത്തെക്കുറിച്ച് ഒന്നുമറിയില്ലെന്നും വിവരങ്ങൾ അന്വേഷിക്കുകയാണെന്നും വിദേശകാര്യമന്ത്രാലയം വ്യക്തമാക്കി.

## എജിആർ കുടിശിക തീർക്കാൻ ടെലികോം കമ്പനികൾക്ക് മോറട്ടോറിയം

ന്യൂഡൽഹി: എജിആർ കുടിശിക തീർക്കാൻ ടെലികോം കമ്പനികൾക്ക് നാലു വർഷത്തേക്ക് മോറട്ടോറിയം അനുവദിച്ചു. കേന്ദ്ര മന്ത്രിസഭായോഗത്തിലാണ് തീരുമാനം. വോഡഫോൺ ഐഡിയ, ഭാരതി എയർടെൽ തുടങ്ങിയ ടെലികോം കമ്പനികൾക്ക് ഗുണകരമാകുന്ന തീരുമാനമാണിത്.

ടെലികോം കമ്പനികൾക്കുമേൽ കേന്ദ്ര ടെലികമ്യൂണിക്കേഷൻസ് വകുപ്പ് ചുമത്തുന്ന സ്പെക്ട്രം യൂസേജ് ഫീസും ലൈസൻസ് ഫീസും ഉൾപ്പെടുന്നതാണ് എജിആർ. കുടിശികയനിത്തിൽ 50,399.63 കോടി രൂപയാണ് വോഡഫോൺ ഐഡിയ നൽകാനുള്ളത്.

വോഡഫോൺ ഐഡിയയുടെ ഓഹരികൾ സർക്കാരിനോ സർക്കാരിൻറെ അനുമതിയോടെ മറ്റേതെങ്കിലും കമ്പനികൾക്കോ നൽകാമെന്ന് അറിയിച്ച് മുൻ ചെയർമാൻ കുമാർ മംഗളം ബിർള കത്തു നൽകിയിരുന്നു. ചെയർമാൻ സ്ഥാനമൊഴിഞ്ഞ ശേഷമാണ് അദ്ദേഹം ഇക്കാര്യം സർക്കാരിനെ അറിയിച്ചത്.

## ആറു വയസുകാരിയെ പീഡിപ്പിച്ച് കൊന്നു; പ്രതിയെ ഏറ്റുമുട്ടലിൽ വധിക്കുമെന്ന് മന്ത്രി

ഹൈദരാബാദ്: തെലുങ്കാനയിൽ ആറു വയസുകാരിയെ ക്രൂരമായി പീഡിപ്പിച്ചു കൊലപ്പെടുത്തിയ കേസിൽ പ്രതിയെ ഏറ്റുമുട്ടലിൽ വധിക്കുമെന്ന് മന്ത്രി. പ്രതിയെ തീർച്ചയായും പിടിക്കുമെന്നും അറസ്റ്റിന് ശേഷം ഏറ്റുമുട്ടലിലൂടെ കൊലപ്പെടുത്തുമെന്നും മന്ത്രി മല്ല റെഡ്ഡി കൂട്ടിച്ചേർത്തു.

സെപ്റ്റംബർ ഒമ്പതിനാണ് സൈദാബാദിൽ കേസിനാസ്പദമായ സംഭവം നടന്നത്. 27 വയസുകാരനായ പ്രതി അയൽവാസിയായ ആറു വയസുകാരിയെ പീഡിപ്പിച്ചു കൊലപ്പെടുത്തുകയായിരുന്നു. അടുത്തുള്ള വീട്ടിൽ നിന്ന് കുട്ടിയുടെ മൃതദേഹം കണ്ടെത്തിയത്.

പ്രതിയെക്കുറിച്ച് വിവരം നൽകുന്നവർക്ക് 10 ലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിച്ചിരുന്നു. അതേസമയം, പ്രതിയെ ഭുവനഗിരി ജില്ലയിലെ യാദ്രിയിൽ നിന്ന് അറസ്റ്റ് ചെയ്തതായാണ് പോലീസ് വൃത്തങ്ങളിൽ നിന്ന് ലഭിക്കുന്ന സൂചന.

## ജസ്റ്റ് റിമമ്പർ ദാറ്റ്; എസ്ഐയെ വിളിച്ചുവരുത്തി സല്യൂട്ട് ചെയ്യിപ്പിച്ച് സുരേഷ് ഗോപി

തൃശൂർ: ജീപ്പിൽ നിന്നിറങ്ങാതിരുന്ന എസ്ഐയെ സുരേഷ് ഗോപി എംപി വിളിച്ചുവരുത്തി സല്യൂട്ട് ചെയ്യിപ്പിച്ചു. പുത്തൂരിൽ ചുഴലിക്കാറ്റ് വീശിയ പ്രദേശം സന്ദർശിക്കുന്നതിനിടെയായിരുന്നു സംഭവം. ഒല്ലൂർ എസ്ഐയെ കൊണ്ടാണ് സല്യൂട്ട് ചെയ്യിപ്പിച്ചത്.

ദുരന്തബാധിത പ്രദേശം സന്ദർശിക്കാനെത്തിയ സുരേഷ് ഗോപി ജീപ്പിൽ മാറി നിൽക്കുന്ന പോലീസുകാരെ കണ്ടു. 15 മിനിറ്റ് കഴിഞ്ഞിട്ടും തൻറെ അടുത്തേക്ക് എത്താതിരുന്ന എസ്ഐയെ എംപി വിളിച്ചുവരുത്തി. താനും ഒരു സല്യൂട്ടിനൊക്കെ അർഹനാണെന്ന് പറഞ്ഞു. ഇതോടെ എസ്ഐ സുരേഷ് ഗോപിയെ സല്യൂട്ട് ചെയ്യുകയായിരുന്നു.

സംഭവത്തിൻറെ വീഡിയോ സമൂഹമാധ്യമങ്ങളിൽ വൈറലാണ്. താൻ എംപിയാണ്, മേയറല്ല എന്നായിരുന്നു സുരേഷ് ഗോപി പോലീസുകാരനോട് ആദ്യം പറയുന്നത്. എംപി എന്ന നിലയ്ക്കു ചെയ്യാൻ പറ്റുന്നതെല്ലാം ചെയ്തിട്ടുണ്ട്. പക്ഷേ, അതെല്ലാം തള്ളാണെന്നു ചില പന്നന്മാർ പറഞ്ഞു നടക്കുന്നു. ഞാൻ ചെയ്തതിനൊക്കെ രേഖയുണ്ട്, വന്നാൽ അവന്മാരുടെ അണ്ണാക്കിലേക്കു തള്ളിക്കൊടുക്കാം സുരേഷ് ഗോപി രോഷാകുലനാകുന്നതും വീഡിയോയിൽ ദൃശ്യമാണ്.

## എംബാപ്പെ പിഎസ്ജി വിടില്ല, കരാർ പുതുക്കും: സ്പോട്ടിംഗ് ഡയറക്ടർ

ബ്രസൽസ്: കെയ്ലിയൻ എംബാപ്പെ ക്ലബ് വിടില്ലെന്ന് പിഎസ്ജിയുടെ സ്പോട്ടിംഗ് ഡയറക്ടർ ലിയോനാർഡോ. സീസൺ അവസാനിക്കുമ്പോൾ എംബാപ്പെ ക്ലബ് വിടുമെന്ന് പ്രതീക്ഷിക്കുന്നില്ല. ഫ്രാൻസ് താരം പുതിയ കരാർ ഒപ്പിടുമെന്ന് ഉറച്ചു വിശ്വസിക്കുന്നതായും ലിയോനാർഡോ പറഞ്ഞു.

എംബാപ്പെയില്ലാത്ത പിഎസ്ജിയെക്കുറിച്ച് ആരും വിചാരിക്കുമെന്ന് കരുതുന്നില്ല. ഈ സീസൺ അവസാനത്തിൽ കെയ്ലിയൻ പോകുമെന്ന് കരുതുന്നില്ല. പിഎസ്ജിയുമായുള്ള എംബാപ്പെയുടെ ബന്ധം ആഴത്തിലുള്ളതാണ് അദ്ദേഹം കൂട്ടിച്ചേർത്തു.

2022 ജൂണിൽ പിഎസ്ജിയുമായി എംബാപ്പെയുടെ കരാർ അവസാനിക്കും. ട്രാൻസ്ഫർ ജാലകം അടയും മുൻപ് റയൽ മാഡ്രിഡ് എംബാപ്പെയ്ക്കു 137 ദശലക്ഷം യൂറോ വാഗ്ദാനം ചെയ്തിരുന്നു.

## ഓഫ്സെറ്റ് പ്രിന്റിംഗ് ടെക്നോളജി കോഴ്സ് സീറ്റൊഴിവ്

സാങ്കേതിക വിദ്യാഭ്യാസ വകുപ്പും കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് & ട്രെയിനിംഗും സംയുക്തമായി തിരുവനന്തപുരത്തെ ട്രെയിനിംഗ് ഡിവിഷനിൽ ആരംഭിക്കുന്ന ഒരു വർഷ ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് ഇൻ ഓഫ്സെറ്റ് പ്രിന്റിംഗ് ടെക്നോളജി കോഴ്സിൽ സീറ്റുകൾ ഒഴിവുണ്ട്. അപേക്ഷകർ പ്ലസ് ടു / വി.എച്ച്.എസ്.ഇ / ഡിപ്ലോമ അഥവാ തത്തുല്യ യോഗ്യത പാസായിരിക്കണം. പട്ടികജാതി/പട്ടികവർഗ/മറ്റർഹ വിഭാഗക്കാർക്ക് നിയമാനുസൃത ഫീസ് സൗജന്യം ലഭിക്കും. പഠനകാലയളവിൽ സ്റ്റൈപ്പന്റും ലഭിക്കും. ഒ.ബി.സി/എസ്.ഇ.ബി.സി/ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വരുമാന പരിധിക്ക് വിധേയമായി ഫീസ് സൗജന്യമായിരിക്കും.

പ്രിന്റിംഗ് വകുപ്പിൽ ഡി.റ്റി.പി ഓപ്പറേറ്റർ ഗ്രേഡ് 2, ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർ ഗ്രേഡ് 2, പ്ലേറ്റ് മേക്കർ ഗ്രേഡ് 2 തസ്തികകളിലേയ്ക്ക് ഈ സർട്ടിഫിക്കറ്റ് കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നിയമനം ലഭിക്കുന്നതിന് സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

വിദ്യാഭ്യാസ യോഗ്യത, ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും പാസ്പോർട്ട് സൈസ് ഫോട്ടോ സഹിതം കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് & ട്രെയിനിംഗ്, ട്രെയിനിംഗ് ഡിവിഷൻ, സിറ്റി സെന്റർ, പുന്നപുരം, പടിഞ്ഞാറേ കോട്ട, തിരുവനന്തപുരം 695 024 എന്ന വിലാസത്തിൽ നേരിട്ട് ഹാജരാകണം. ഫോൺ: 0471 2474720, 0471 2467728. വെബ്സൈറ്റ്: www.c-ap-tk-er-a-l-a.com.

## കോവിഡ് മുന്നണി പോരാളിയുടെ വേർപാടിൽ മന്ത്രി അനുശോചിച്ചു

കോവിഡ് മുന്നണി പോരാളിയായിരുന്ന ബാലരാമപുരം വില്ലിക്കുളം തലയൽ മേലെത്തട്ട് വീട്ടിൽ എസ്.ആർ. ആശയുടെ വേർപാടിൽ ആരോഗ്യ മന്ത്രി വീണാ ജോർജ് അനുശോചിച്ചു. ആശയുടെ വീട്ടുകാരെ ഫോണിൽ വിളിച്ച് മന്ത്രി സംസാരിച്ചു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ സജീവമായിരുന്ന ആശയുടെ വേർപാട് വേദനാജനകമാണ്. കോവിഡ് ആദ്യതരംഗം മുതൽ പോസിറ്റീവ് ആയവരെ ആശുപത്രികളിൽ എത്തിക്കുന്നതിനും അവർക്ക് മരുന്നും മറ്റ് സാധനങ്ങളും എത്തിക്കുന്നതിനും ആശ മുന്നിൽ നിന്നിരുന്നു. സംസ്കാരച്ചടങ്ങുകളിൽ നേരിട്ട് പങ്കെടുത്തിരുന്ന ആശ പഞ്ചായത്തിലെ റാപ്പിഡ് റെസ്പോൺസ് ടീം അംഗവും സമൂഹ അടുക്കളയിലെ സ്ഥിര സാന്നിധ്യവുമായിരുന്നു. അവസാനവർഷ എൽ.എൽ.ബി. വിദ്യാർത്ഥിയായ ആശ പഠനത്തോടൊപ്പമാണ് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിലും പങ്കുചേർന്നത്. ആശയുടെ കുടുംബത്തിന്റെ വേദനയിൽ പങ്കുചേരുന്നതായി മന്ത്രി അറിയിച്ചു.

## നിയമനിർമാണത്തിനു മാത്രമായി സഭ; ഒക്ടോബർ നാല് മുതൽ നിയമസഭാ സമ്മേളനം

തിരുവനന്തപുരം: നിയമനി4മാണങ്ങൾക്കു മാത്രമായി നിയമസഭ ചേരുന്നു. ഒന്നരമാസത്തോളം നീളുന്ന നിയമസഭാ സമ്മേളനം വിളിക്കാൻ ഗവർണറോട് ശിപാർശ ചെയ്യുന്നതിന് മന്ത്രിസഭായോഗം തീരുമാനിച്ചു.

ഒക്ടോബർ നാല് മുതൽ നവംബർ 12 വരെയാണ് പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനം ചേരുന്നത്. പൂർണമായും നിയമനിർമാണങ്ങൾ മാത്രമാണ് സമ്മേളനത്തിൽ പരിഗണിക്കുക. 47 ഓർഡിനൻസുകൾക്ക് പകരമുള്ള ബില്ലുകളാണ് പരിഗണിക്കപ്പെടാനുള്ളത്. ഒന്നാം പിണറായി സ4ക്കാരിൻറെ 44 ഓർഡിനൻസുകൾക്ക് പുറമേ പുതുതായി മൂന്ന് ഓർഡിനൻസുകൾ കൂടി രണ്ടാം സ4ക്കാരിൻറെ മന്ത്രിസഭ അംഗീകരിച്ചിരുന്നു. ഇവയിൽ പരമാവധി ഓർഡിനൻസുകൾക്ക് പകരമുള്ള ബില്ലുകൾ ഈ സഭാസമ്മേളനത്തിൽ പാസാക്കിയെടുക്കുകയാണ് ലക്ഷ്യം.

## വസ്തുനികുതി പിഴകൂടാതെ അടയ്ക്കാൻ സമയ പരിധി നീട്ടി: എം വി ഗോവിന്ദൻ മാസ്റ്റർ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വസ്തു നികുതി പിഴകൂടാതെ അടക്കുന്നതിനുള്ള അവസാന തീയതി ഡിസംബർ 31വരെ നീട്ടി ഉത്തരവിറക്കിയെന്ന് തദ്ദേശ സ്വയംഭരണ, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ അറിയിച്ചു.

കോവിഡ് 19ന്റെ രണ്ടാം തരംഗം തുടരുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾ അനുഭവിക്കുന്ന സാമ്പത്തിക പ്രയാസങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായാണ് വസ്തുനികുതി അടയ്ക്കുന്നതിനുള്ള തീയതി നീട്ടിയതെന്ന് മന്ത്രി വ്യക്തമാക്കി.

നേരത്തെ പൊതുജനങ്ങൾക്കും വ്യാപാരികൾക്കും മറ്റ് സംരംഭകർക്കും വസ്തുനികുതി പിഴകൂടാതെ അടയ്ക്കുന്നതിനുള്ള സമയപരിധി ആഗസ്റ്റ് 31വരെ ദീർഘിപ്പിച്ചിരുന്നു. കോവിഡ് വിട്ടൊഴിയാതെ നിൽക്കുന്നതിനാലാണ് സമയപരിധി ഡിസംബർ 31 വരെ നീട്ടി ഉത്തരവിറക്കിയതെന്ന് മന്ത്രി അറിയിച്ചു.

## മേൽശാന്തി നിയമനത്തിന് മലയാള ബ്രാഹ്മണർ മാത്രം: ഹർജി മൂന്നാഴ്ച്ച കഴിഞ്ഞു പരിഗണിക്കും

കൊച്ചി: ശബരിമലയിലെയും മാളികപ്പുറത്തെയും മേൽശാന്തി നിയമനത്തിനു മലയാള ബ്രാഹ്മണർ മാത്രം അപേക്ഷിച്ചാൽ മതിയെന്ന തിരുവിതാംകൂർ ദേവസ്വം ബോർഡിൻറെ വിജ്ഞാപനത്തിനെതിരായ ഹർജികൾ ഹൈക്കോടതി മൂന്നാഴ്ച്ച കഴിഞ്ഞു പരിഗണിക്കാനായി മാറ്റി. മറുപടി സത്യവാങ്മൂലം നൽകാൻ മൂന്നാഴ്ച സമയം വേണമെന്ന് ദേവസ്വം ബോർഡിൻറെ അഭിഭാഷകൻ അറിയിച്ചതിനെത്തുടർന്നാണു ജസ്റ്റീസ് അനിൽ കെ. നരേന്ദ്രൻ, ജസ്റ്റീസ് കെ. ബാബു എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ച് ഹർജികൾ മാറ്റിയത്.

ഹർജികൾ അടിയന്തരമായി പരിഗണിക്കേണ്ട സാഹചര്യമില്ലെന്നും ബോർഡിൻറെ അഭിഭാഷകൻ കോടതിയിൽ പറഞ്ഞു. കോട്ടയം മൂലവട്ടം സ്വദേശി സി. വിഷ്ണുനാരായണൻ ഉൾപ്പെടെയുള്ളവർ നൽകിയ ഹർജികളാണു ഹൈക്കോടതി പരിഗണിക്കുന്നത്.

ശബരിമല മേൽശാന്തി നിയമനത്തിനുള്ള വിജ്ഞാപനത്തിൽനിന്നു മലയാള ബ്രാഹ്മണർ അപേക്ഷിച്ചാൽ മതിയെന്ന വ്യവസ്ഥ ഒഴിവാക്കി ഹിന്ദുമത വിശ്വാസികൾക്ക് അപേക്ഷിക്കാൻ അനുമതി നൽകണമെന്നാണു ഹർജിക്കാരുടെ ആവശ്യം. മലയാളി ബ്രാഹ്മണരായിരിക്കണമെന്ന വ്യവസ്ഥ ഒഴികെ വിജ്ഞാപനത്തിൽ പറയുന്ന മറ്റു യോഗ്യതകൾ തങ്ങൾക്കുണ്ടെന്നും ഹർജിക്കാർ പറയുന്നു

## സംസ്ഥാനത്ത് 17,681 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു

കേരളത്തിൽ 17,681 പേർക്ക് കൂടി കോവിഡ്19 സ്ഥിരീകരിച്ചു. തിരുവനന്തപുരം 2143, കോട്ടയം 1702, കോഴിക്കോട് 1680, എറണാകുളം 1645, തൃശൂർ 1567, പാലക്കാട് 1558, മലപ്പുറം 1372, കൊല്ലം 1348, ആലപ്പുഴ 969, കണ്ണൂർ 967, വയനാട് 869, പത്തനംതിട്ട 821, ഇടുക്കി 654, കാസർഗോഡ് 386 എന്നിങ്ങനെയാണ് ജില്ലകളിൽ രോഗം സ്ഥിരീകരിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ 97,070 സാമ്പിളുകളാണ് പരിശോധിച്ചത്. പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ (ണകജഞ) എട്ടിന് മുകളിലുള്ള 678 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലായി 2507 വാർഡുകളാണുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 208 മരണങ്ങളാണ് കോവിഡ് 19 മൂലമാണെന്ന് സ്ഥിരീകരിച്ചത്. ഇതോടെ ആകെ മരണം 22,987 ആയി.

സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 5,61,239 പേരാണ് നിരീക്ഷണത്തിലുള്ളത്. ഇതിൽ 5,33,190 പേർ വീട്/ ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റീനിലും 28,049 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 1718 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

നിലവിൽ 1,90,750 കോവിഡ് കേസുകളിൽ, 13.7 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിലോ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്. രോഗം സ്ഥിരീകരിച്ചവരിൽ 47 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 16,656 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 881 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 97 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്. രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 25,588 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 1888, കൊല്ലം 1175, പത്തനംതിട്ട 1161, ആലപ്പുഴ 1520, കോട്ടയം 1485, ഇടുക്കി 1019, എറണാകുളം 3377, തൃശൂർ 2807, പാലക്കാട് 1855, മലപ്പുറം 2864, കോഴിക്കോട് 3368, വയനാട് 956, കണ്ണൂർ 1767, കാസർഗോഡ് 346 എന്നിങ്ങനെയാണ് രോഗമുക്തിയായത്. ഇതോടെ 1,90,750 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 42,09,746 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.



പുരാരേഖ വകുപ്പിന്റെ റഫറൻസ് മീഡിയ തയ്യാറാക്കൽ, പദ്ധതി പ്രവർത്തനങ്ങളുടെ ഉദ്ഘാടനം, പുസ്തക പ്രകാശനം എന്നിവ മന്ത്രി അഹമ്മദ് ദേവർകോവിൽ നിർവഹിക്കുന്നു

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.